## അധ്യായം ഒന്ന്

# നാടോടിസംസ്കാരവും അവതരണകലകളും

അതിവിശിഷ്ടമായ ഒരു നാടൻകലാപാരമ്പര്യമാണ് കേരളത്തിനുള്ളത്. പ്രാക്തനസമൂഹത്തിൽ കലയും സംസ്കാരവുമായി ബന്ധമുള്ള വ്യാപാരങ്ങൾ നടന്നിരുന്നു. പ്രകൃതിയുടെ അനന്തമായ രൂപവൈചിത്ര്യവും ഭാവമാറ്റങ്ങളും കണ്ട് പകച്ചുനിന്ന മനുഷ്യർ പ്രകൃതിശക്തികളെ ആരാധിക്കാൻ തുടങ്ങി. ദൈവികശക്തികളെ ആരാധിക്കാനും ആസുര ശക്തികളെ ഉച്ചാടനം ചെയ്യാനും അവർ ശീലിച്ചു. ഇത് മതപരമായ ചടങ്ങുകളിലേയ്ക്കും ആഘോഷങ്ങളിലേയ്ക്കും നയിച്ചു. ഈ അവസരങ്ങളിൽ നടന്നുവന്ന മാന്ത്രികപൂജകളിലുംമറ്റും അടങ്ങിയിരുന്ന കലാപരമായ അംശങ്ങൾ വികസിച്ച് അതിവിശിഷ്ടമായ കലാപ്രകടനങ്ങളും മറ്റുമായി രൂപാന്തരം പ്രാപിച്ചു. ഇത്തരത്തിൽ രൂപമെടുത്തതും മനുഷ്യജീവിതത്തിന്റെ സമസ്തമേഖലകളെയും ഉൾക്കൊള്ളുന്ന, സത്യവും നിഷ്കളങ്കവുമായ പ്രകടനങ്ങൾ പൊതുവെ നാടോടിസംസ്കാരത്തിന്റെ മുഖ്യഭാഗമാണ്. നാടോടിസംസ്കാരം തലമുറയിൽനിന്നും തലമുറയിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെട്ടുവന്ന നാട്ടുവഴക്കമാണ്.

ആധുനികകാലത്ത് 'ഫോക്‌ലോർ' എന്നറിയപ്പെടുന്ന ഈ നാട്ടുവഴക്കത്തിന് കൃത്യമായ നിർവചനം ഉണ്ടായിട്ടില്ല. പത്തൊമ്പതാം നൂറ്റാണ്ടിൽ ഇതിന് 'തലമുറ കൈമാറിവന്ന നാട്ടുവഴക്കം' എന്ന അർഥമാണ് ഉണ്ടായിരുന്നതെന്ന് രാഘവൻ പയ്യനാട് രേഖപ്പെടുത്തുന്നു (2006 : 4). ഇന്ന് ഈ മേഖല ചരിത്രകാരന്മാരുടെയും നരവംശശാസ്ത്രജ്ഞന്മാരുടെയും ഗൗരവമായപഠനവിഷയമാണ്. എസ്.കെ. നായർ, ചുമ്മാർ ചൂണ്ടൽ, രാഘവൻ

പയ്യനാട്, എം.വി. വിഷ്ണുനമ്പൂതിരി, കാവാലം നാരായണപ്പണിക്കർ, ചേലനാട്ട് അച്യുതമേനോൻ, എം.ഡി. രാഘവൻ, കലാവതി, തുടങ്ങി ധാരാളം പേർ വിലമതിക്കുന്ന സംഭാവനകൾ ഈ മേഖലയിൽ നൽകിയിട്ടുണ്ട്. നാടോടിവിജ്ഞാനീയത്തിന്റെ സമസ്തമേഖലകളെയുംകുറിച്ചുള്ള പഠനങ്ങളും കലയെന്നനിലയിലും ശാസ്ത്രമെന്നനിലയിലും ഇതിനെ വളർത്തിക്കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങളും നടക്കുന്നു. പാരമ്പര്യത്തെ ക്കുറിച്ചും സാംസ്കാരികസവിശേഷതകളെക്കുറിച്ചും ഉള്ള ഗൗരവതരമായ പഠനത്തിന് ഇത് സഹായിച്ചു.

ഫോക്‌ലോറിനെ ഒരു വാക്കിലോ വാചകത്തിലോ നിർവചിക്കുക ശ്രമകരമാണ്. പണ്ഡിതന്മാർ ഫോക്‌ലോറിന് പല നിർവചനങ്ങളും നൽകി യിട്ടുണ്ട്. ഒന്നിൽകൂടുതൽ വ്യക്തികൾ ഉൾക്കൊള്ളുന്ന കൂട്ടത്തെ 'ഫോക്' എന്നുവിളിക്കുന്നു. ഒരു കൂട്ടായ്മയെ അടുത്തറിയുകയാണ് ഫോക്‌ലോർ പഠനംവഴി സാധ്യമാകുന്നത്. അകൃത്രിമവും പരിണാമവിധേയവുമായ ഫോക്‌ലോർ കാലാനുസൃതമായി പഠനവിധേയമാക്കേണ്ടതാണ്.

തലമുറകളിലൂടെ കൈമാറിവന്ന വാമൊഴിയും നാടോടിസാഹിത്യ വുമായിരുന്നു ആദ്യകാലത്ത് ഫോക്‌ലോർപഠനങ്ങൾ വിഷയമാക്കിയിരുന്നത്. അതുകൊണ്ടുതന്നെ ആദ്യകാലപഠനങ്ങൾ എല്ലാം അവയെ അടിസ്ഥാന മാക്കിയുള്ളതായിരുന്നു. പ്രശസ്തഫോക്‌ലോർവിദഗ്ധനായ രാഘവൻ പയ്യനാട് പ്രധാനപ്പെട്ട ചില നിർവചനങ്ങൾ തന്റെ ഗ്രന്ഥത്തിൽ ഉദ്ധരിച്ചിട്ടുണ്ട് (2006 : 4-6).

## 1.1 ഫോക്‌ലോർ നിർവചനങ്ങൾ

1. വാമൊഴിയിലൂടെയുള്ള സാംസ്കാരികപാരമ്പര്യത്തെ മുഴുവൻ ഫോക്‌ലോർ ഉൾക്കൊള്ളുന്നു.

- ബി. എ. ബോട്ട്കിൻ

2. ഒരു ജനതയെക്കുറിച്ചുള്ള ശാസ്ത്രം എന്നതിലുപരി ഫോക്‌ലോർ പാരമ്പര്യജനതാശാസ്ത്രവും നാടൻഗാനങ്ങളുമാണ്.

- ജോൺ ബയ്‌ലി

3. വാമൊഴിയിലൂടെയുള്ള കല മാത്രമാണ് ഫോക്‌ലോർ.

-വില്യംബാസ്കം

4. ആദിമമനുഷ്യന്റെ സത്യവും അവക്രവുമായ പ്രകടനം.

-എം.എസ്.പിനോസ

5. ജനങ്ങളുടെ ആചാരവിശ്വാസങ്ങളിലൂടെ ബോധപൂർവമായോ അല്ലാതെയോ സംരക്ഷിക്കപ്പെട്ടുപോരുന്ന സംസ്കാരത്തിന്റെ ഭാഗം.

- എച്ച്. ഗാസ്റ്റർ

6. മരണത്തെ അതിജീവിക്കാൻ ശ്രമിക്കുന്നതും ഇന്നും നിലനിൽ ക്കുന്നതുമായ ജീവാംശമാണ് ഫോക്‌ലോർ.

-ഫ്രാൻസിസ് പോട്ടർ

7. പരമ്പരയായി തലമുറ കൈമാറിവന്ന വസ്തുക്കളെയാണ് ഫോക്‌ലോർ ഉൾക്കൊള്ളുന്നത്.

- ആർച്ചർ ടെയ്‌ലർ

8. എഴുതപ്പെട്ട രേഖകൾ എന്നതിനേക്കാൾ പരിശീലനത്തിലൂടെയോ സ്മൃതിയിലൂടെയോ സംരക്ഷിച്ചുവരുന്നതും ഒരാളിൽനിന്നും മറ്റൊരാളിലേക്ക് കൈമാറിയതുമായ പാരമ്പര്യം.

- തോംസൺ

9. ഒരു ജനതയുടെ സാംസ്കാരികപ്രക്രിയയുടെ ശാസ്ത്രീയമായ പഠനമാണ് ഫോക്‌ലോർ. ഇത് നരവംശശാസ്ത്രത്തിന്റെ ഭാഗമാണ്.

- കാർവലോ നെറ്റോപൗലോട്

മുകളിൽ ഉദ്ധരിച്ച നിർവചനങ്ങൾ ഒറ്റയ്ക്കൊറ്റയ്ക്കെടുത്താൽ അവ്യക്തവും അപൂർണവുമായിരിക്കും. ഈ നിർവചനങ്ങളെല്ലാം ചേർത്തു വെയ്ക്കുമ്പോൾ ഫോക്‌ലോറിനെക്കുറിച്ച് ഏറെക്കുറെ പര്യാപ്തമായ ഒരു വിവരണം ലഭിയ്ക്കും. ഫോക്‌ലോറിനെ കൃത്യമായി നിർവചിക്കാൻ കഴിയില്ലെങ്കിലും മനുഷ്യസമൂഹത്തിന്റെ പാരമ്പര്യത്തെക്കുറിച്ചും സാംസ്കാരത്തെക്കുറിച്ചും അവരുടെ ജീവിതത്തനിമയെക്കുറിച്ചുമുള്ള പഠനമാണ് ഫോക്‌ലോർ എന്ന് പൊതുവായി പറയാവുന്നതാണ്.

## 1.2 ഫോക്‌ലോറിന്റെ ധർമം

ഫോക്‌ലോറിന്റെ ധർമങ്ങളെക്കുറിച്ച് പല പണ്ഡിതന്മാരും വ്യത്യസ്താഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഫോക്‌ലോറിന് പ്രധാനമായി നാല് ധർമങ്ങളാണുള്ളതെന്ന് വില്യം ആർ. ബാസ്കം പറയുന്നു. അവ സാമൂഹികപ്രധാന്യം, സംസ്കാരത്തിന്റെ ന്യായീകരണം, വിദ്യാഭ്യാസമൂല്യം, അംഗീകൃത പെരുമാറ്റസംഹിതയുടെ സ്ഥിരീകരണം എന്നിവയാണ് എന്ന് സി.ആർ. രാജഗോപാൽ ഉദ്ധരിക്കുന്നു (2007 : 18).

മനുഷ്യജീവിതത്തിൽ ഫോക്‌ലോറിനുള്ള സ്ഥാനം കൃത്യമായി നിർണയിക്കണമെങ്കിൽ ഓരോ ഫോക്‌ലോർരൂപത്തിന്റെ സ്വഭാവവും അത് സമൂഹത്തിൽ ചെലുത്തുന്ന സ്വാധീനവും തിരിച്ചറിയാൻ കഴിയണം. ഒരുജനതയെ മുഴുവൻ ജാതിമതവർഗഭേദമെന്യേ ഒന്നാക്കിനിർത്തുന്ന ധർമമാണ് പ്രധാനമായും ഫോക്‌ലോർ രൂപങ്ങൾ നിർവഹിക്കുന്നത്. ഇവിടെയാണ് നാടിന്റെയും നാടന്റെയും ലാളിത്യവും സൗന്ദര്യവും ശക്തിയും വ്യക്തമാകുന്നത്.

നാടൻകല, നാട്ടുവഴക്കം, നാട്ടറിവ്, നാടോടിസാഹിത്യം എന്നിങ്ങനെ അറിയപ്പെടുന്ന ഫോക്‌ലോർ ആധുനികകാലഘട്ടത്തിൽ ഏറെ ശ്രദ്ധേയമായിത്തീർന്നിട്ടുണ്ട്. കല, സാഹിത്യം, വിവിധശാസ്ത്രങ്ങൾ എന്നിങ്ങനെ വിഭിന്നമേഖലകളിലായി ഇത് വ്യാപിച്ചുകിടക്കുന്നു. ഗ്രാമീണ വിശ്വാസങ്ങൾ, ആചാരങ്ങൾ, ഉപചാരങ്ങൾ, അനുഷ്ഠാനങ്ങൾ, ആരാധനകൾ, പുരാണസങ്കൽപങ്ങൾ, ഐതിഹ്യങ്ങൾ, മിത്തുകൾ, ആഭിചാരം, കൂടോത്രം, മന്ത്രവാദം, ഉത്സവാഘോഷങ്ങൾ, നാടൻകലകൾ, നാടൻകഥകൾ, നാടൻപാട്ടുകൾ, നാടോടിക്കഥാഗാനങ്ങൾ, നാടൻകര വിരുതുകൾ, ഗാർഹികകലകൾ, വാസ്തുവിദ്യ, കൊത്തുവേലകൾ, ചിത്രരചന, ഉടയാടകൾ, കാർഷികവൃത്തി, നായാട്ട്, നാടൻനൃത്തങ്ങൾ, പഴഞ്ചൊല്ലുകൾ, കടംകഥകൾ, ഗ്രാമ്യഭാഷ, നാടൻശൈലി, ശകുനം, ഭാവിഫലനിർണയം, നാടൻവൈദ്യം, കുട്ടികളുടെകളികൾ തുടങ്ങി മനുഷ്യജീവിതവുമായി ബന്ധപ്പെട്ടതെല്ലാം ഫോക്‌ലോറിന്റെ പരിധിയിൽ വരുന്നു എന്ന് എം.വി. വിഷ്ണുനമ്പൂതിരി അഭിപ്രായപ്പെടുന്നു (2000(1) : XIII).

നരവംശശാസ്ത്രം, ഗ്രാമീണസാമൂഹികശാസ്ത്രം, സാംസ്കാരിക നരവംശശാസ്ത്രം, പുരാവസ്തുവിജ്ഞാനീയം, സാമൂഹ്യമന:ശാസ്ത്രം, സങ്കൽപപുരാവൃത്തം, നിരുക്തം, ചരിത്രം, ധനതത്വശാസ്ത്രം, ഭൂമിശാസ്ത്രം, സാഹിത്യം, കല, മതം, സംസ്കാരം, ഭാഷാശാസ്ത്രം എന്നിങ്ങനെ അനേകം വിഷയങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്ന വിശാലമായ പഠനമേഖലയാണ് ഫോക്‌ലോർ. മനുഷ്യവർഗത്തിന്റെ സങ്കൽപങ്ങളുടെയും സ്വപ്നത്തിന്റെയും പൂർണചിത്രം ലഭിക്കുന്നതിന് മനുഷ്യജീവിതവുമായി ബന്ധപ്പെട്ട എല്ലാമേഖ ലകളെക്കുറിച്ചും വിമർശനാത്മകപഠനം നടത്തിയാൽ മതിയാകും. പരമ്പരാഗതമായി പകർന്നുവന്ന ‘നാട്ടറിവ്’ ഇന്ന് ലിഖിതരൂപത്തിലാ

ക്കിയിരിക്കുന്നു. നിത്യജീവിതത്തിന്റെ ചലനങ്ങളെക്കുറിച്ചുള്ള ഗ്രാമീണ വിജ്ഞാനീയരൂപമായി ഫോക്‌ലോർ മാറിയിരിക്കുന്നു (Aryas, 1975 : 5). നരവംശശാസ്ത്രവും നാടോടിവിജ്ഞാനീയവും പരസ്പരം ഇഴചേർന്ന് കിടക്കുന്നുണ്ടെങ്കിലും ഇവതമ്മിൽ വേർതിരിക്കാൻ ഇന്നത്തെ ഗവേഷകർക്ക് കഴിയുന്നുണ്ട്. ഫോക്‌ലോർപഠനത്തിൽ ശ്രദ്ധപതിപ്പിച്ച പല പണ്ഡിതന്മാരും നരവംശശാസ്ത്രജ്ഞരായിരുന്നു. കാരണം ഫോക്‌ലോറും നരവംശ ശാസ്ത്രവും നാടോടിവിജ്ഞാനീയവും പരസ്പരം ബന്ധപ്പെട്ടുനിൽക്കുന്നു. ജനങ്ങളുടെ പ്രാകൃതജീവിതവിജ്ഞാനീയത്തെപ്പറ്റി പഠിക്കാനുള്ള നീർച്ചാലുകളാണ് നാടോടിക്കലാരൂപങ്ങളെന്ന് നരവംശശാസ്ത്രജ്ഞ ന്മാരെപ്പോലെ ചരിത്രകാരന്മാരും വിശ്വസിച്ചിരുന്നു. ഇതിന്റെ അടിസ്ഥ നത്തിൽ നാടോടിക്കലാഭൂമിക ഗവേഷകരുടെ ശ്രദ്ധാകേന്ദ്രമായി.

## 1.3 നാടോടിസംസ്കാരവും അവതരണകലകളും

പാരമ്പര്യത്താൽ ഘടിപ്പിക്കപ്പെട്ടതും തലമുറകളായി കൈമാറ്റം ചെയ്തുവരുന്നതുമായ പാരമ്പര്യസംസ്കാരമാണ് നാടോടിസംസ്കാരം. ഇത് ഗ്രാമീണജനതയുടെ നിത്യജീവിതത്തിൽനിന്ന് രൂപപ്പെടുന്നതാണ്. സംസ്കാരം കൈമാറ്റം ചെയ്യാനുള്ളതാണ്. ഈ പ്രത്യേകതകൾ നമ്മുടെ കലകളിലും പ്രകടമാണ്. ഏതു കാലഘട്ടത്തിന്റെയും സംസ്കാരം അതാതു കാലഘട്ടത്തിലെ ജനസമൂഹത്തിൽ നിലനിൽക്കുന്ന കലകളിൽ പ്രകടമാണ്. അവ കാലഘട്ടത്തിനു നേരെ പിടിച്ച കണ്ണാടിയാണ്. മനുഷ്യൻ ആർജിച്ച വിജ്ഞാനം, വിശ്വാസം, കല, ധർമാചാരങ്ങൾ, നിയമം, ചടങ്ങ്, സ്വഭാവസവിശേഷതകൾ, എന്നിവ ഉൾക്കൊള്ളുന്ന സങ്കീർണവും സമഗ്ര വുമായ ഒന്നായിട്ടാണ് ഇ.ബി. ടെയ്‌ലർ സംസ്കാരത്തെ കാണുന്നതെന്ന്

രാഘവൻ പയ്യനാട് പ്രസ്താവിക്കുന്നു (2006 : 33). ഒരോ ജനതയുടെയും സംസ്കാരത്തിന്റെ അവിഭാജ്യഘടകങ്ങളിൽ ഒന്നാണ് നാട്ടറിവ്. ഇതുകുടി കൊള്ളുന്നത് കേവലം വാങ്മയരൂപത്തിലോ മറ്റുവിധത്തിലുള്ള ചില മൂർത്ത ശാഖകളിലോ അല്ല, മറിച്ച് പാരമ്പര്യാധിഷ്ഠിതമായ ചിന്തകളുടെ മാതൃകകളിലും ജനങ്ങൾ തമ്മിലുള്ള ആശയസംവേദനത്തിന്റെ പ്രകാരഭേദങ്ങളിലൂടെ ആവിഷ്കൃതമാകുന്ന ചേഷ്ടാവിശേഷങ്ങളിലുമാണ്. ഓരോദേശത്തിനും വിജ്ഞാനപ്രദവും സൗന്ദര്യാത്മകവുമായ ആചാരങ്ങളും വിശ്വാസങ്ങളുമുണ്ട്. പാരമ്പര്യത്തിന്റെ മുദ്രിതരൂപങ്ങളായി അവ ഇന്നും സമൂഹത്തിൽ നിലനിൽക്കുന്നു. ദൈനംദിനജീവിതത്തിലെ ആചാരാനുഷ്ഠാനങ്ങൾ ശ്രദ്ധിച്ചാൽ ഇതറിയാൻകഴിയും. ഓരോകാലഘട്ടത്തിലെയും ഉപജീവനമാർഗങ്ങൾ, തൊഴിലുകൾ, ഭക്ഷണരീതികൾ, വസ്ത്രധാരണം, ദിനചര്യ, ആചാരം, അനുഷ്ഠാനം, ആഘോഷം എന്നിവയിലൊക്കെ വ്യത്യാസമുണ്ടായിരിക്കും. ഭൂപ്രകൃതി, കാലാവസ്ഥ എന്നിവയും ഇതിനെ സാരമായി ബാധിക്കുന്നുണ്ട്. ഗ്രാമീണജീവിതത്തെ വലിയൊരളവുവരെ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്തിരുന്നത് ചില പ്രാകൃതവിശ്വാസങ്ങളാണ്. വ്യത്യസ്തജനസമൂഹങ്ങളുടെ ആചാരങ്ങളും വിശ്വാസങ്ങളും കലകളും പഠനവിധേയമാക്കുമ്പോൾ അവയിൽനിന്നും അവർ ആർജിച്ച പൂർവജസംസ്കാരത്തിന്റെ ചരിത്രം പ്രകടമാകുന്നു. ഒരു പരിധിവരെ ഓരോമനുഷ്യനെയും നയിക്കുന്നത് അവന്റെ പാരമ്പര്യമാണ്.

പ്രപഞ്ചപ്രതിഭാസങ്ങളിൽ അത്ഭുതപരതന്ത്രനായ ആദിമ മനുഷ്യൻ ഈ ശക്തിവിശേഷങ്ങളുടെ സത്യം കണ്ടെത്തുന്നതിനായി സ്വയം അന്വേഷിക്കുകയും അതിന്റെ യാഥാർഥ്യംകണ്ടെത്താൻ ശ്രമിക്കുകയും ചെയ്തു. ഇത്തരത്തിലുള്ള അന്വേഷണങ്ങളും കണ്ടെത്തലുകളും ഓരോ

തലമുറകഴിയുമ്പോഴും തുടർന്നുകൊണ്ടേയിരുന്നു. ഇങ്ങനെ ആർജിച്ച ഉത്തരങ്ങളും കണ്ടെത്തലുകളും വ്യത്യസ്തങ്ങളായിരുന്നു. ജീവിതത്തിന്റെ വിവിധഘട്ടങ്ങളിൽ അവർക്കഭിമുഖീകരിക്കേണ്ടിവന്ന പ്രതിസന്ധികളെ തരണംചെയ്യുന്നതിന് അവർ സ്വബുദ്ധിക്കനുസരിച്ച് ഓരോരോ ഉപായങ്ങൾ കണ്ടെത്തി. ഇത്തരത്തിലുള്ള ഉപായങ്ങളാണ് പുരാവൃത്തങ്ങൾ. ഈ പുരാവൃത്തങ്ങൾ മനുഷ്യന്റെ നിത്യജീവിതത്തിലെ പ്രശ്നപരിഹാരങ്ങൾ ക്കായി കണ്ടെത്തിയ സാധൂകരണങ്ങളാണ്. മനുഷ്യന്റെ ആദ്യകാല പുരോഗതിയുടെ ചരിത്രമാണ് പുരാവൃത്തം എന്ന് ആൻഡ്രൂ ലാങ് അഭി പ്രായപ്പെടാൻ കാരണമിതായിരിക്കാം (വിഷ്ണുനമ്പൂതിരി, എം.വി., 2007(2) : 211). ഇവ ഏറെക്കുറെ സ്വപ്നസമാനമാണ്. 'സ്വപ്നം വ്യക്തിയുടെ മനസ്സിൽതെളിയുന്ന സ്വാനുഭവത്തിന്റെ സമസ്യാപൂരണമാണെങ്കിൽ കൂട്ടായ്മയുടെസ്വപ്നമായ പുരാവൃത്തം സമൂഹത്തിന്റെ അബോധമനസ്സിൽ വീണ പ്രകൃതി പ്രതിഭാസങ്ങളുടെ സമസ്യാപൂരണമാകുന്നു' (രാഘവവാര്യർ, രാജൻ ഗുരുക്കൾ., 1994 : 13 ).

മനുഷ്യൻ അടിസ്ഥാനപരമായി ഒരുവ്യക്തിയല്ല, സാർവ ലൗകികനുമല്ല. വ്യക്തികൾ പരസ്പരം ചേർന്നുണ്ടാകുന്ന സംഘാത ത്തിലാണ് മനുഷ്യന്റെ നിലനിൽപ്. ആ സംഘാതത്തെ നാം കൂട്ടായ്മ (folk) എന്നുവിളിക്കുന്നു. മനുഷ്യന് ഒറ്റയ്ക്കൊരു ജീവിതമില്ല. കൂട്ടായി സൃഷ്ടിക്കുകയും സൃഷ്ടിച്ചത് പരസ്പരം പങ്കുവെയ്ക്കുകയും ചെയ്യുന്ന തിലൂടെ മാത്രമേ മനുഷ്യന് ജീവിക്കാൻ സാധിക്കൂ. ഇങ്ങനെ പങ്കുവെയ്ക്ക പ്പെടണമെങ്കിൽ അവർക്ക് സമാനസ്വഭാവമുള്ള പാരമ്പര്യവും വേണം (പയ്യനാട്, രാഘവൻ., 2006 : 258). ഇത്തരത്തിൽ സമാനസ്വഭാവമുള്ള

പാരമ്പര്യകൂട്ടായ്മയുടെ കലകളിൽനിന്നും രൂപമെടുക്കുന്ന മിത്തുകളിലാണ് ഗ്രാമീണജീവിതത്തിന്റെ സൗന്ദര്യം ആസ്വാദ്യമാകുന്നത്. ഗ്രാമീണജീവിതത്തിന്റെ ആത്മാവും ചൈതന്യവും കണ്ടെത്താൻ ഇത് സഹായിക്കുന്നു.

ഓരോ മനുഷ്യനെയും വ്യതിരിക്തനാക്കുന്നത് അവന്റെ സംസ്കാരമാണ്. സമൂഹത്തിലെ വിവിധവിഭാഗങ്ങളെ പരസ്പരം വിളക്കിച്ചേർക്കുന്നതും എല്ലാമനുഷ്യരും ഒരുപോലെ പങ്കുവെയ്ക്കുന്നതുമായ ചില അടിസ്ഥാനഗുണങ്ങളുടെ കൂട്ടമാണ് സംസ്കാരമെന്ന് പി.പി. രവീന്ദ്രൻ അഭിപ്രായപ്പെടുന്നു (2002 : 10). സംസ്കാരത്തിന്റെ ഓരോഘടകവും ധർമപരമായി സമൂഹജീവിതത്തിന്റെ പരസ്പരപൂരണത്തിനും നിലനിൽപിനും ആവശ്യമാണ്. മനുഷ്യന്റെ വർധിച്ചുവരുന്ന ആവശ്യങ്ങളും ജിജ്ഞാസകളും പുതിയകണ്ടെത്തലുകളിൽ കൊണ്ടെത്തിക്കുന്നു. ഇങ്ങനെ സംസ്കാരത്തിന്റെ ചില ഘടകങ്ങൾക്ക് മാറ്റംവരുകയും അതുവഴി സംസ്കാരത്തിന്റെ പൊതുസ്വരൂപം വ്യത്യസ്തമാവുകയും ചെയ്യുന്നു. പുതിയതലമുറ അവരുടെ താൽപര്യത്തിനും സൗകര്യത്തിനുമനുസരിച്ച് ഫോക്‌ലോർ സങ്കൽപങ്ങളിൽപോലും മാറ്റംവരുത്തുന്നു. ഇതിന്റെ ഫലമായി പുതിയ സങ്കൽപങ്ങൾ ഉൾക്കൊള്ളുന്നതിലൂടെ പഴയവ സ്വയം വഴിമാറുന്നു. നാഗരികജനസമൂഹങ്ങളിൽ ഇത്തരം മാറ്റം അതിവേഗം സംഭവിച്ചുകൊണ്ടിരിക്കുന്നു. പലരിലൂടെ കൈമാറി തന്നിലെത്തിയ പാരമ്പര്യാധിഷ്ഠിതമായ മൂല്യങ്ങളുടെവില തിരിച്ചറിയാതെയും തന്റെ പാരമ്പര്യത്തിന്റെ മഹത്വത്തെക്കുറിച്ച് അഭിമാനം തോന്നാതെയും വരുമ്പോൾ അവന് അനുവദിച്ചുകിട്ടിയ ഈ ജീവിതം ഭാരമാകുന്നു. മാറിക്കൊണ്ടിരിക്കുന്ന നമ്മുടെ തനിമയെ ശബ്ദത്തിലൂടെയും രൂപത്തിലൂടെയും പുനരാവിഷ്കരിക്കുകവഴി നാം നമ്മുടെ സംസ്കാരത്തനിമ കണ്ടെത്താനുള്ള വഴിതുറക്കുന്നു. സമൂഹജീവിയായ മനുഷ്യന് തനിച്ച്

നിലനിൽപില്ല എന്നവസ്തുത തിരിച്ചറിയുന്നതോടെ തന്റെ ഇന്നത്തെ അവസ്ഥയ്ക്കും സംസ്കാരത്തിനും കാരണമായിത്തീർന്ന പാരമ്പര്യത്തെ തള്ളിപ്പറയാനാവില്ലെന്ന് അവന് ബോധ്യമാകുന്നു. ഒരുജനതയുടെ സംസ്കാരത്തെക്കുറിച്ച് പഠിക്കുമ്പോൾ അവരുടെ കഴിഞ്ഞകാല സംസ്കാരത്തെക്കൂടി അന്വേഷണവിധേയമാക്കുന്നത് സമഗ്രമായ സംസ്കാരപഠനത്തിന് ആവശ്യമാണ്.

ഭാഷപോലെ കൈമാറ്റംചെയ്യപ്പെടുന്ന ഒന്നാണ് സംസ്കാരവും. ഇത് വ്യക്തിയിൽനിന്ന് വ്യക്തിയിലേയ്ക്കും സമൂഹത്തിൽനിന്ന് സമൂഹത്തിലേയ്ക്കും തലമുറയിൽനിന്ന് തലമുറയിലേയ്ക്കും കൈമാറ്റം ചെയ്യപ്പെടുന്നു. ഈ കൈമാറ്റം കൂടുതലായും അവരവരുടെ തനതു കലകളിലൂടെയാണ് നടക്കുന്നത്. ഓരോജനസമൂഹത്തെയും മറ്റെന്തിനെ ക്കാളും കൂടുതൽ സ്വാധീനിക്കുന്നതും മനസ്സിന്റെ അഗാധതലങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുന്നതും മസ്തിഷ്ക്കത്തെ പിടിച്ചുകുലുക്കുന്നതും കലകളാണ്. വാമൊഴിയായി കടന്നുവന്ന നാടോടിക്കഥകളും മന്ത്രവാദങ്ങളുമെല്ലാം ജനജീവിതത്തിന്റെ ഉള്ളറകളിൽ ഒളിമങ്ങാതെ കിടക്കുന്ന തീക്കനലുകളാണ്. സാമാന്യജനതയുടെ ആചാരവിശ്വാസങ്ങൾ നിഴലിക്കുന്ന കലാസമ്പ്രദാ യങ്ങളെയാണ് 'നാടൻകല' എന്ന പദംകൊണ്ട് വിവക്ഷിക്കുന്നത് (നായർ, എസ്.കെ., 1962 : 2). പ്രാകൃതജനവിഭാഗങ്ങളുടെ പഴയമതവിശ്വാസങ്ങളും സമ്പ്രദായങ്ങളും അന്ധവിശ്വാസങ്ങളുമാണ് 'നാടൻകല' എന്ന ലവിസ് സ്പെൻസിന്റെ അഭിപ്രായം (നായർ,എസ്.കെ., 1962 : 3) അംഗീകരിക്കാൻ ബുദ്ധിമുട്ടാണ്.

സാധാരണജനങ്ങളുടെ മാനസസന്തതികളാണ് നാടൻകലകൾ അഥവാ ജനകീയകലകൾ. എങ്കിലും പിൽക്കാലത്ത് അനുകരണഭ്രമത്താൽ സ്വന്തം കലകളെ ഉപേക്ഷിച്ച് വൈദേശികകലകളുടെ പിന്നാലെപോയ മലയാളി, വിദേശീയമായ എല്ലാറ്റിന്റെയും പൊള്ളത്തരം മനസ്സിലാക്കുകയും സ്വദേശീയമായതിന്റെ മഹത്വം തിരിച്ചറിയുകയും ചെയ്തതിന്റെ തെളിവാണ് നാടൻകലകളുടെയും പാരമ്പര്യകലകളുടെയും മുന്നേറ്റത്തിന് ഒരു കാരണം. ഒരുകാലത്ത് അധമമെന്നു കരുതിയിരുന്നവ ഇന്ന് ഉൽകൃഷ്ടമാണെന്ന തിരിച്ചറിവുണ്ടായിരിക്കുന്നു. അന്യന്റെ വലിപ്പത്തേക്കാൾ അവനവന്റെ 'ചെറുപ്പ്'ത്തിനാണ് വലിപ്പം എന്ന തിരിച്ചറിവ് നമ്മുടെ കലകളുടെ മഹത്വം ലോകമെമ്പാടും എത്തിച്ചു (നായർ,എസ്.കെ., 1962 : 1).

ജീവിതത്തിൽനിന്ന് വേറിട്ട് കലകൾക്ക് നിലനിൽപില്ല. ജീവിതത്തെ ഏറ്റവും ലളിതവും ലഘുവുമായി പ്രതിപാദിക്കുന്നത് നാടൻകലകളാണ്. ജീവിതത്തിന്റെ പ്രാക്തനഘട്ടത്തിൽ നിലനിന്നു എന്നുവിശ്വസിക്കുന്ന നാടൻകലകൾക്ക് ലാളിത്യത്തിനും സൗന്ദര്യത്തിനും പുറമെ ദൈവികത്വവും ഉണ്ടായിരുന്നു. ഇത്തരത്തിലുള്ള കലകളെ വളർത്തിയെടുക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. പരിഷ്കാരത്തിന്റെ പേരുപറഞ്ഞ് ഇതിനെ നശിപ്പിക്കാൻ ശ്രമിച്ചാൽ അത് നമ്മുടെ നിലനിൽപിനെ ബാധിക്കും എന്നതിൽ തർക്കമില്ല.

ഉർവരതയുടെ മൂലരൂപങ്ങളെ കുടിയിരുത്തിയ കാവുകൾ കേരളീയ സ്വത്വത്തിന്റെ ഭാഗമാണ്. പ്രകൃതിദേവതകളായിമാറിയ കാവുകൾ കേരളസംസ്കാരത്തന്റെ കൂടപ്പിറപ്പാണ്. അതിപുരാതനമായ ജീവവ്യ വസ്ഥയ്ക്ക് തുടക്കംകുറിക്കുന്നത് ഈ വൃക്ഷക്കൂട്ടങ്ങളും ഇതിൽ കുടി കൊള്ളുന്ന 'അമ്മദൈവ'വുമാണ് (അച്യുതമേനോൻ,ചേലനാട്ട്., 1943 : 1–9).

ആദ്യകാലംമുതൽ അധ്വാനത്തിന്റെ ക്ഷീണംതീർക്കുവാൻ മനുഷ്യൻ ആശ്രയിച്ചിരുന്നത് വൃക്ഷത്തണലുകളെയാണ്. ക്രമേണ തനിക്ക് ആശ്രയംതന്ന വൃക്ഷങ്ങളെ ആരാധിക്കുവാൻ തുടങ്ങിയതിൽനിന്നും രൂപമെടുത്തതാണ് 'കാവെ'ന്ന സങ്കൽപം. സർപങ്ങൾ, അയ്യപ്പൻ, കാളി തുടങ്ങിയ വ്യത്യസ്തദേവതമാരുടെ സങ്കേതമാണ് വൃക്ഷലതാദികളും വള്ളിപ്പടർപ്പുകളുംകൊണ്ടുനിറഞ്ഞ കാവുകൾ. ഓരോകാവും അത് നില നിൽക്കുന്നതിന്റെ ചുറ്റുമുള്ള പരിസരവാസികളുടെ പൊതുസ്വത്തായി കരുതപ്പെട്ടിരുന്നു. എന്നുമാത്രമല്ല കാവിലെ പ്രതിഷ്ഠയായ 'അമ്മ' അവരുടെ പൊതുവായ പരദൈവവുമായിരുന്നു. കേരളത്തിലെ പ്രാചീനദേവാല യങ്ങളായിട്ടാണ് കാവുകളെ കരുതിയിരുന്നത്. കാവും കാവുസംസ്കാരവും ദ്രാവിഡരുമായി ബന്ധപ്പെട്ടതാണ്. അതിനാൽ കാവുസംസ്കാരം മറ്റ്ക്ഷേത്രങ്ങളിൽനിന്നും വ്യത്യസ്തമാണ്. എന്നാൽ പിന്നീട് നായന്മാർ കാവുകളുടെ സ്വഭാവത്തിനും സ്വരൂപത്തിനും മാറ്റംവരുത്തി. ആധുനിക മനുഷ്യന്റെ ഇന്ദ്രിയങ്ങൾക്ക് വഴങ്ങാത്ത സൂക്ഷ്മനാദങ്ങളും വർണച്ചാർത്തു കളുംനിറഞ്ഞ കാവുകൾ എന്നും മനുഷ്യന്റെ മുൻപിൽ അത്ഭുതങ്ങളുടെ മാന്ത്രികച്ചെപ്പാണ്. പ്രകൃതിദത്തമായ സൗന്ദര്യങ്ങളെ നശിപ്പിക്കാനല്ലാതെ അതിനെ അതേരീതിയിൽ പുന:സൃഷ്ടിക്കാൻ 'ശക്ത'നായ മനുഷ്യന് കഴിയില്ല, അതുപോലെതന്നെ കാവുകളിൽ രൂപംകൊണ്ട കലകളും. ആരാധനാസ്ഥാനമായ കാവ് പാരമ്പര്യവിശ്വാസപ്രകാരം ശുദ്ധവും വൃത്തിയുമുള്ള ഇടമാണ്. പ്രകൃതിയുടെയും മനുഷ്യന്റെയും നിലനിൽപിന് വൃക്ഷക്കൂട്ടങ്ങളുള്ള കാവുകൾ അത്യന്താപേക്ഷിതമാണ്. അത് വെട്ടിനശിപ്പിക്കുകവഴി പ്രകൃതിയുടെ സന്തുലിതാവസ്ഥ നഷ്ടപ്പെടുന്നു.

കാവുകളും കലകളും നമ്മുടെ സംസ്കാരവാഹകരാണ്. അതിനാൽ കലകളെയും കാവുകളെയും സംരക്ഷിക്കേണ്ടത് ആവശ്യമാണ്.

## 1.4 നാടൻകലകൾ / അവതരണകലകൾ

അകൃത്രിമമായി അവതരിക്കപ്പെടുന്നതും നാടിന്റെ തനതുഹൃദയ ത്തുടിപ്പുകൾ പേറുന്നതുമായ കലകളാണ് നാടൻകലകൾ. ജീവിതത്തിന്റെ നിലനിൽപിനും വളർച്ചയ്ക്കുംവേണ്ടി ഭൗതികപ്രപഞ്ചത്തെ ഇണക്കിയും പിണക്കിയും മനുഷ്യപരമ്പരനടത്തിയ എല്ലാ ക്രിയാകലാപങ്ങളുടെയും അനുഭൂതിപരവും ആത്മനിഷ്ഠവുമായ ആവിഷ്കാരമാണ് നാടൻകലകൾ (ശിവശങ്കരപ്പിള്ള., 2003 : 13). ഭൂതകാല ചരിത്രത്തിലേയ്ക്ക് വെളിച്ചംവീശാൻ നാടൻകലാപഠനത്തിലൂടെ സാധ്യമാണ്. മാത്രമല്ല അതാതു പ്രദേശത്തിന്റെ സംസ്കാരംകണ്ടെത്താനും ഇത് സഹായിക്കുന്നു. കൂട്ടായ്മയിൽനിന്നും രൂപംകൊള്ളുന്ന നാടൻകലകളിൽ അവതാരകരെന്നോ കാഴ്ചക്കാരെ ന്നോഉള്ള വ്യത്യാസമില്ലാതെ എല്ലാവരും ഒറ്റമനസ്സോടെ ഭാഗഭാക്കാകുന്നു. ഇത് നാടൻകലകൾക്കുമാത്രമുള്ള സവിശേഷതയാണ്. പ്രാചീനമനുഷ്യന്റെ അറിവുകളുടെ കലവറയായ നാടൻകലകൾക്ക് മാനവചരിത്രത്തോളംതന്നെ പഴക്കമുണ്ട്. പ്രകൃതിയിൽനിന്ന് ഉരുത്തിരിഞ്ഞ നാടൻകലകൾ മനുഷ്യ ജീവിതത്തിന്റെ നേർചിത്രങ്ങളാണ്.

കേരളത്തിന്റെ നാടൻകലാസംസ്കൃതിയിൽ/നാട്ടുവഴക്കങ്ങളിൽ എണ്ണിത്തിട്ടപ്പെടുത്താനാവാത്തവിധം വാമൊഴിവഴക്കങ്ങൾ നിലവിലുണ്ട്. അതോടൊപ്പം ഇനിയും വെളിച്ചത്തിലെത്താത്ത (മുഖ്യധാരാ സംസ്കാ രത്തിന്റെ ശ്രദ്ധയിൽപ്പെടാത്ത) നിരവധി അവതരണകലകളും പ്രയോഗ ത്തിലുണ്ട്. ഇവയിൽ വാമൊഴിവഴക്കങ്ങളിൽ പല സാഹചര്യങ്ങളിലുള്ള

നാടൻപാട്ടുകൾ, പഴഞ്ചൊല്ലുകൾ, കടംകഥകൾ, ഐതിഹ്യങ്ങൾ, പുരാവൃത്തങ്ങൾ, നാട്ടുചരിത്രങ്ങൾ, നാടൻപാട്ടുകാവ്യങ്ങൾ, നാട്ടുചൊല്ലുകൾ, തുടങ്ങി പല ഇനങ്ങളിലായി ഉൾപ്പെടുന്ന നാട്ടാവിഷ്ക്കാരങ്ങൾ ഇന്ന് ദൈനംദിനധർമങ്ങളോടെ നിരവധി കൂട്ടായ്മകൾ നിലനിർത്തിവരുന്നുണ്ട്. അവതരണകലകളിൽ അനുഷ്ഠാനനൃത്തം, അനുഷ്ഠാനനാടകം, അനുഷ്ഠാനം, നാടൻകളികൾ, നാടോടിനൃത്തം, നാടോടിനാടകം, എന്നിങ്ങനെ പല ഇനങ്ങളും പല ഭാഗങ്ങളിലായി പല പ്രത്യേക സമൂഹങ്ങളിൽ നിലവിലുണ്ട്. തെയ്യം, തിറ, പടയണി, മുടിയേറ്റ്, കാളികെട്ട്, കാളിയൂട്ട്, കാളിദാരികൻ, മുടിയേറ്റ്, മുടിപ്പേച്ച്, തീയ്യാട്ട്, ഗരുഡൻതൂക്കം, കോലംതുള്ളൽ, പാന, മുടിയാട്ടം, തെയ്യാട്ട്, നിണബലി, കെന്ത്രോൻപാട്ട്, പൂരക്കളി, കണ്യാർകളി, കോതാമ്മൂരിയാട്ടം തുടങ്ങിയ അനുഷ്ഠാനകലകളും പൊറമാടിചാറ്റ്, വേടർകളി, ഗദ്ദിക, വെള്ളാട്ട്, ദൈവക്കളി, സീതക്കളി, വട്ടക്കളി, ദൈവംകാണൽ തുടങ്ങിയവയും കൂടാതെ വ്യത്യസ്തഗിരിവർഗ നൃത്ത വിശേഷങ്ങളും മലയാളത്തിന് സ്വന്തമായുണ്ട്.

നാടൻകലകൾ കേരളത്തിൽ ഉത്ഭവിച്ചതും പ്രചാരംനേടിയതും കാർഷികവൃത്തിയെ ഉപജീവിച്ചാണ്. അതുകൊണ്ടുതന്നെ ഒട്ടുമിക്ക നാടൻ കലകളും ഉർവരതാ അനുഷ്ഠാനവുമായി ബന്ധപ്പെട്ടവയാണ്. കൂട്ടുകുടുംബ വ്യവസ്ഥിതിയും ജാതിസമ്പ്രദായവും നിലനിന്നിരുന്ന കാലത്താണ് ഇത്തരം കലകൾ ശക്തിപ്രാപിച്ചത്. എന്നാൽ കൂട്ടുകുടുംബവ്യവസ്ഥിതി തകർന്ന തോടെ ഇത്തരം കലകൾക്കും മങ്ങലേറ്റു. ജനനംമുതൽ മരണംവരെയുള്ള മനുഷ്യജീവിതത്തിലെ എല്ലാ ഘട്ടങ്ങളിലെയും ആഘോഷങ്ങളുമായി നാടൻകലകൾ ബന്ധപ്പെട്ടിരിക്കുന്നു. നാടൻകലകളിൽ ഭൂരിഭാഗവും ജാതിയും

വർഗവുമായി ബന്ധപ്പെട്ടവയാണ്. കുറത്തിയാട്ടം, മുടിയാട്ടം പോലെയുള്ള കലകൾ ഓരോ വിഭാഗക്കാരുടെയും കുലത്തൊഴിൽകൂടിയാണ്. പ്രാക്തന കാലത്ത് ഇത്തരം കലകൾ വിനോദ ഉപാധിയായിരുന്നെങ്കിൽ ഇന്നത് ധനാഗമത്തിനുള്ള ഒരു മാർഗമായി മാറിയിരിക്കുന്നു. എങ്കിൽപോലും ഈ പാരമ്പര്യവുമായി മുന്നോട്ടു പോകുവാൻ ആധുനിക തലമുറ മടിക്കുന്നു.

നാടൻകലകളെ ജീവിതത്തിൽനിന്നും അടർത്തി മാറ്റാനാവില്ല. കാരണം ജീവിതത്തിലെന്നതുപോലെ കലകളിലും ഭൂമിയും കൃഷിയും മനുഷ്യനും അവന്റെ സഹജീവികളായ മറ്റ് ചരാചരങ്ങളുംചേർന്ന് രേഖപ്പെടുത്തിയിട്ടുള്ള ഒരു ആവാസവ്യവസ്ഥയുടെ ശൃംഖലയാണ് കാണാൻകഴിയുക. ഓരോ കൂട്ടായ്മയുടെയും ഇഷ്ടാനിഷ്ടങ്ങളെ സാധൂകരിക്കുകയും അവരുടെ ശക്തിയായി നിലനിൽക്കുകയും ചെയ്യുന്നതാണ് അവരവരുടെ നാടൻകലകളും അതിലെ ഓരോ കഥാപാത്രവും. കേരളത്തിന്റെ തനതുകലകൾ എന്ന് അവകാശപ്പെടുന്ന ധാരാളം കലാരൂപങ്ങൾ നമുക്കുണ്ടെങ്കിലും പ്രാക്തനമായ ആചാരവിശ്വാസങ്ങളെ അടിസ്ഥാനമാക്കി ഗ്രാമീണക്കൂട്ടായ്മയുടെ പങ്കാളിത്തത്തോടെ അവതരിപ്പിക്കപ്പെടുന്നവയാണ് അനുഷ്ഠാനകലകൾ. അനുഷ്ഠാനപരവും വിശ്വാസാധിഷ്ഠിതവുമായ ഒരു കലാവീക്ഷണമാണ് കേരളീയനാടൻകലകൾ. “The concept of a theatre from rituals″ (ഭാർഗവൻപിള്ള., 2000 : 11). അനുഷ്ഠാനത്തിൽനിന്നുമാണ് നാടകത്തിന്റെ തുടക്കം. അടിസ്ഥാന വർഗത്തിന്റെ പാരമ്പര്യകലകളിൽനിന്നാണ് അനുഷ്ഠാനകലകൾ രൂപപ്പെടുന്നതെന്ന് ഭാർഗവൻപിള്ള അഭിപ്രായപ്പെടുന്നു (2000 : 11). നാടൻ കലകളെ താഴെകൊടുത്തിരിക്കുന്ന പ്രകാരം വിഭജിക്കാവുന്നതാണ്.




### 1.4.1 അനുഷ്ഠാനകലകൾ

ആദിമമനുഷ്യൻ പ്രകൃതിശക്തികളെ ഭയ-ഭക്തി-ബഹുമാനപൂർവം വീക്ഷിക്കുകയും ആരാധിക്കുകയും ചെയ്തിരുന്നു. ഇതിൽനിന്നും രൂപംകൊണ്ട ഉർവരാരാധന, നാഗാരാധന, ശക്ത്യാരാധന, പ്രേതാരാധന, ശൈവാരാധന, ലിംഗാരാധന, മൃഗാരാധന, പൂർവികാരാധന, വീരാരാധന, ഭൂതാരാധന, അയ്യപ്പാരാധന തുടങ്ങി വ്യത്യസ്തമായ ആരാധനകൾ മലയാളിയുടെ ജീവിതത്തെ വളരെയേറെ സ്വാധീനിച്ചിട്ടുണ്ട് (വിഷ്ണു നമ്പൂതിരി, എം.വി., 2007(2) : 112–114).

പാരമ്പര്യവിശ്വാസമനുസരിച്ചോ ശാസ്ത്രവിധിയനുസരിച്ചോ ആചരിച്ചുവരുന്ന കർമങ്ങളാണ് അനുഷ്ഠാനം. മനുഷ്യന്റെ നിലനിൽപിനും സംസ്കാരസമന്വയത്തിനും ഇതാവശ്യമാണ്. വിശ്വാസവും സങ്കൽപവുമാണ് അനുഷ്ഠാനത്തിന് ആധാരം. ആദികാലത്ത് അനുഷ്ഠാനത്തിന് മതവുമായി ബന്ധമില്ലായിരുന്നു എന്നാണ് പണ്ഡിതാഭിപ്രായം. ഭക്തി ജനിപ്പിക്കാൻ പര്യാപ്തമായ ക്രിയകളെ അനുഷ്ഠാനം എന്നു പറയാം. മനുഷ്യന്റെ പെരുമാറ്റസംഹിതകളാണ് അനുഷ്ഠാനങ്ങൾ എന്ന് ദർഖിം അഭിപ്രായ

പ്പെടുന്നു (1969 : 117). എന്നാൽ പിൽക്കാലത്ത് മതപരമായ ചടങ്ങുകളുമായി അനുഷ്ഠാനം അലിഞ്ഞുചേർന്നു. ആചരണസ്വഭാവത്തിന്റെ അടിസ്ഥാനത്തിലുള്ള മന്ത്രാനുഷ്ഠാനം, വ്രതാനുഷ്ഠാനം, കർമാനുഷ്ഠാനം എന്നിവ പ്രധാനപ്പെട്ടവയാണ്. 'മനോവാക്കർമങ്ങൾ നിയന്ത്രിച്ചുകൊണ്ടു ചെയ്യുന്ന നിഷ്ഠയാണ് വ്രതാനുഷ്ഠാനം' (വിഷ്ണുനമ്പൂതിരി, എം.വി., 2007(2) : 125). അനുഷ്ഠാനങ്ങൾക്ക് കലകളുമായി അഭേദ്യമായ ബന്ധമുണ്ട്. കലകളെപ്പോലെതന്നെ ആചാരങ്ങളും അനുഷ്ഠാനങ്ങളും ജാതി-മത-വർഗമനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കുന്നു. ത്യാജ്യഗ്രാഹ്യവിവേചന ബുദ്ധിയോടെ സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി പ്രവർത്തിക്കാൻ ഓരോ മനുഷ്യനും ബാധ്യസ്ഥനാണ്. നാം ചെയ്യുന്ന കർമത്തിൽനിന്നും ഉദ്ദിഷ്ടഫലം സിദ്ധിച്ചാൽ ആ കർമം ഒരനുഷ്ഠാനമായി മാറുന്നു. മതപരമായ ധാരാളം അനുഷ്ഠാനങ്ങൾ മലയാളികളുടെ ഇടയിലുണ്ട്. അനുഷ്ഠാനാംശം കൂടുതലുള്ള കലകളാണ് അനുഷ്ഠാനകലകൾ. അനുഷ്ഠാനപരമായ കലകളുടെ അവതരണത്തിന് അനുഷ്ഠാനം എന്ന ക്രിയാംശം അത്യന്താപേക്ഷിതമാണ്. വിശ്വാസത്തിന്റെ പിൻബലത്തോടെ പാരമ്പര്യമായി അനുഷ്ഠിച്ചുവരുന്ന കർമങ്ങളാണ് അനുഷ്ഠാനങ്ങൾ.

പ്രാക്തനസമൂഹത്തിൽ മനുഷ്യന്റെ സങ്കീർണമായ പ്രശ്നപരിഹാരങ്ങളുടെ അവസാനവാക്കായിരുന്നു മന്ത്രവാദം. മനുഷ്യാതീതമായ ശക്തിവിശേഷങ്ങളെ പ്രതീപ്പെടുത്തുന്നതിനോ അനുകൂലമാക്കുന്നതിനോ വേണ്ടി നടത്തപ്പെടുന്ന ഇത്തരം മന്ത്രവാദങ്ങളായിരുന്നു മതത്തിന്റെ ഉള്ളടക്കം. ഇത്തരം മന്ത്രവാദങ്ങളിൽത്തന്നെ നല്ലമന്ത്രവാദവും ദുർമന്ത്രവാദവും ഉണ്ടായിരുന്നു. മനുഷ്യന്റെ ഇച്ഛയ്ക്കനുസരിച്ച് പ്രപഞ്ചഗതിയെത്തന്നെ മാറ്റിമറിക്കാനുള്ള കഴിവ് മന്ത്രവാദങ്ങൾക്കുണ്ടെന്ന് ജനം

വിശ്വസിച്ചു. മതത്തിന്റെ വരവോടെ ഇതിലെ നല്ലമന്ത്രവാദങ്ങളാണ് അനുഷ്ഠാനമായി മാറിയത്. അതോടെ മന്ത്രം നടത്തുന്ന മന്ത്രവാദി പൂജാരിയായും (പുരോഹിതൻ) മാറി (അജിത്കുമാർ., 2005 : 19-21). മതവുമായി ബന്ധപ്പെട്ട കലകളാണ് അനുഷ്ഠാനകലകളെന്ന കെ.കെ. മാരാരുടെ അഭിപ്രായം പ്രസക്തമാണ് (1999 : 18).

മനുഷ്യജീവിതത്തിൽ അനുഷ്ഠാനമില്ലാത്ത ഒന്നുംതന്നെയില്ല. ജനനംമുതൽ മരണംവരെയുള്ള എല്ലാ ഘട്ടങ്ങളിലെയും ആഘോഷങ്ങൾ മാത്രമല്ല മനുഷ്യന്റെ ദിനചര്യകൾപോലും അനുഷ്ഠാനത്തിൽ അധിഷ്ഠിതമാണ്. അനുഷ്ഠാനത്തിന്റെ രീതികൾ മതത്തെ ആശ്രയിച്ചിരിക്കുന്നു. മരണാനന്തരകർമങ്ങൾ, ബാധോച്ചാടനം തുടങ്ങിയവ ഉദാഹരണങ്ങളാണ്. ചില അനുഷ്ഠാനങ്ങളിൽ അനുഷ്ഠാനത്തിനുപുറമെ കലയുടെ അംശവും കാണാൻ കഴിയും. കലാംശം കൂടുതലുള്ള അനുഷ്ഠാനങ്ങൾ അനുഷ്ഠാനകലകളായിമാറി. അവതരണത്തിന് അനുഷ്ഠാനം എന്ന ക്രിയാംശം അത്യന്താപേക്ഷിതമാണ്. തെയ്യം, തിറ, പടയണി, മുടിയേറ്റ്, കാളിയൂട്ട്, നിണബലി തുടങ്ങിയവയെല്ലാം ഇതിന് ഉദാഹരണങ്ങളാണ്. ഒരു സമൂഹത്തെ ഏകീകരിക്കുകയും അതിനുകെട്ടുറപ്പുണ്ടാക്കുകയും അതോടൊപ്പം വ്യക്ത്യധിഷ്ഠിധമായ വികാരങ്ങളുടെ സ്ഥാനത്ത് സമൂഹ വികാരങ്ങളെ പ്രതിഷ്ഠിക്കുകയും ചെയ്യുകയാണ് അനുഷ്ഠാനങ്ങൾ എന്ന് ഏ.കെ. നമ്പ്യാർ വ്യക്തമാക്കുന്നു (1989 : 49).

കലാംശം ഉണ്ടെങ്കിലും കലാരൂപം എന്ന നിലയ്ക്കുമാത്രമല്ല അനുഷ്ഠാനകലകളെ കണക്കാക്കുന്നത്. ഓരോ കൂട്ടായ്മയും ഒത്തൊരുമിക്കുന്നത് ഓരോ അനുഷ്ഠാനത്തിന്റെയും പിന്നിലുള്ള വിശ്വാസത്തിലാണ്. മനുഷ്യാതീതശക്തിവിശേഷങ്ങളെ പ്രീതിപ്പെ

ടുത്തുന്നതിന് വേണ്ടിയോ ഏതെങ്കിലും തരത്തിലുള്ള ഫലപ്രാപ്തിയ്ക്കു വേണ്ടിയോ അനുവർത്തിച്ചുവരുന്ന കർമങ്ങളിലൂടെ ലക്ഷ്യത്തിലെത്താൻ കഴിഞ്ഞാൽ അവ വീണ്ടും ചെയ്യാൻ മനുഷ്യനെ പ്രേരിപ്പിക്കുകയും ക്രമേണ അത് മനുഷ്യജീവിതത്തിലെ അനുഷ്ഠാനമായി മാറുകയും ചെയ്യുന്നു. ലൗകികജീവിതം സന്തോഷപൂർണമാക്കാൻ മനുഷ്യൻ കണ്ടെത്തിയ എളുപ്പവഴിയാണ് ജീവാത്മാവിനെ പരമാത്മാവുമായി കൂട്ടിയിണക്കുന്ന കണ്ണിയായ അനുഷ്ഠാനങ്ങൾ. സന്തോഷപ്രദവും സമാധാനപ്രദവും ഐശ്വര്യപൂർണവുമായ ലൗകികജീവിതത്തിന് ഇഷ്ടദേവതാനുഗ്രഹം കൂടിയേ കഴിയൂ എന്ന വിശ്വാസമാണ് ഇതിന് അടിസ്ഥാനം.

എല്ലാ അനുഷ്ഠാനങ്ങൾക്കും ആധാരം പുരാവൃത്തങ്ങളാണ്. മനുഷ്യസമൂഹത്തിന്റെ നിലനിൽപിന് അനുഷ്ഠാനങ്ങൾ ശ്രദ്ധേയമായ പങ്കുവഹിക്കുന്നുണ്ട്. അതിനാൽ പുരാവൃത്തവും അനുഷ്ഠാനവും പരസ്പരം ബന്ധപ്പെട്ടുനിൽക്കുന്നു. അനുഷ്ഠാനത്തിന്റെ ആത്മചൈതന്യമായ മിത്തിന്റെ ഒരു അലൗകികലോകം സൃഷ്ടിക്കുകയാണ് അനുഷ്ഠാനകലകളിലൂടെ ചെയ്യുന്നത്. ഇത്തരം അലൗകികതയാണ് സാധാരണമനുഷ്യരെ അനുഷ്ഠാന കലകളുടെ ആരാധകരാക്കുന്നത്.

ഇഷ്ടദേവതാപ്രീതി, രോഗശമനം, സന്താനസൗഭാഗ്യം, ധനധാന്യസമൃദ്ധി, ബാധോച്ചാടനം തുടങ്ങിയ ഉദ്ദിഷ്ടകാര്യങ്ങളുടെ സിദ്ധിക്കായി ക്ഷേത്രങ്ങളിലും കാവുകളിലും അവതരിപ്പിക്കപ്പെടുന്ന കലകളാണ് അനുഷ്ഠാനകലകൾ. മതപരവും സാമൂഹികവുമായ ആചാരവിശ്വാസങ്ങളാണ് ഇവയ്ക്കടിസ്ഥാനം. അനുഷ്ഠാനകലകളിലെ അനുഷ്ഠാനാംശം എടുത്തുമാറ്റിയാൽ ഇവ കേവലം കലകൾ

മാത്രമായിരിക്കും. പാരമ്പര്യത്തിന്റെ കണ്ണികളെന്നനിലയിൽ മിത്തും അനുഷ്ഠാനവും നമ്മുടെ കലകളെ ധന്യമാക്കുന്നു (നാരായണപ്പണിക്കർ, കാവാലം., 2000 : 81). പുരാവൃത്തങ്ങളുടെ ക്രിയാംശമാകയാൽ അനുഷ്ഠാനങ്ങളെ ആ രീതിയിൽ വിലയിരുത്തണമെന്ന് ഒരഭിപ്രായവുമുണ്ട് (വിഷ്ണുനമ്പൂതിരി, എം.വി., 2007(2) : 211). തെയ്യം, തിറ, പൂരക്കളി, തീയ്യാട്ട്, കാളിദാരികൻ, പടയണി, മുടിയേറ്റ്, മുടിപ്പേച്ച്, കാളിയൂട്ട്, മുടിയെടുപ്പ്, കാളികെട്ട്, ഗരുഡൻതൂക്കം, കോലംതുള്ളൽ, പാന, മുടിയാട്ടം, നിണബലി, കെന്ത്രോൻപാട്ട്, കണ്യാർകളി, കോതാമ്മൂരിയാട്ടം, മലയൻകെട്ട്, കുറുന്തിനിപ്പാട്ട്, ബലിക്കള, കളമെഴുത്തുംപാട്ടും, സർപംപാട്ട്, തുടങ്ങി അനേകം അനുഷ്ഠാനകലകൾ നിലവിലുണ്ട്. ഇവകൂടാതെ പൂർണമായും അനുഷ്ഠാനകലയെന്ന് പറയാൻ കഴിയില്ലെങ്കിലും ചെറിയതോതിൽ അനുഷ്ഠാനാംശമുള്ള നാടൻകലകളും ക്ലാസിക്കൽ കലകളുമുണ്ട്. ക്ലാസിക്കൽകലകളിൽ പ്രസ്തുത കലാരൂപത്തിന്റെ അവതരണഘടനയുമായി ബന്ധപ്പെട്ടാണ് അവയ്ക്കുള്ളിൽത്തന്നെ അനുഷ്ഠാനങ്ങൾ അവതരിപ്പിക്കപ്പെടുന്നത്. എന്നാൽ അനുഷ്ഠാനംഎന്നനിലയിൽ അവയ്ക്ക് സ്വതന്ത്രമായ നിലനിൽപില്ല. അനുഷ്ഠാനകലകൾക്ക് ജീവനും അർഥവും നൽകുന്നത് അവയുടെ സാഹിത്യമാണ്. അവതരണരീതിയുടെ അടിസ്ഥാനത്തിൽ അനുഷ്ഠാനനൃത്തങ്ങൾ, അനുഷ്ഠാനഗാനങ്ങൾ, അനുഷ്ഠാനനാടകങ്ങൾ, അനുഷ്ഠാനകളികൾ എന്നിങ്ങനെ അനുഷ്ഠാനകലകളെ തരംതിരിക്കാം. അനുഷ്ഠാനകലകളിലെ ഓരോ ചലനവും പുരാവൃത്തവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇതിലെ നാടകീയാംശത്തിന് പ്രാധാന്യം കൊടുക്കുന്നത് ഇതിലെ ക്രിയാംശഘടനയാണ്.

കേരളത്തിലെ പാരമ്പര്യകലകളിൽ നല്ലൊരുവിഭാഗം അനുഷ്ഠാന കലകളാണ്. മനുഷ്യശരീരത്തിൽ ദേവത ആവേശിച്ച് ആടുന്നു എന്നതാണ് ആരാധനാപരമായ അനുഷ്ഠാനകലകളുടെ പിന്നിലുള്ള വിശ്വാസം. അതായത് മനുഷ്യൻ ദൈവമായി മാറുന്ന അവസ്ഥ. തെയ്യം, കോമരംതുള്ളൽ, മുടിയേറ്റിലെ കാളി, തുടങ്ങിയവ ഉദാഹരണം. ദേവീദേവന്മാരെ പ്രീതിപ്പെടുത്തുന്നതിനുവേണ്ടിയുള്ള ഇത്തരം അനുഷ്ഠാനകലകളെയാണ് ദേവതാ പ്രീണനപരങ്ങളായ കലകൾ എന്നു വിളിക്കുന്നത്. തീയ്യാട്ട്, പാന, സർപം തുള്ളൽ, കണ്യാർകളി, പൂരക്കളി, മുടിയേറ്റ്, കാളിയൂട്ട് തുടങ്ങിയവ നാടകീയത നിറഞ്ഞുനിൽക്കുന്ന അനുഷ്ഠാനകലകളാണ്.

ഉർവരതയുമായി ബന്ധപ്പെട്ടാണ് ഒട്ടുമിക്ക അനുഷ്ഠാനകലകളും അരങ്ങേറുന്നത്. ഇവ ക്ഷേത്രങ്ങളിലോ ക്ഷേത്രപരിസരങ്ങളിലോ കൊയ്തൊഴിഞ്ഞ വയലുകളിലോ ആണ് നടത്തുക. കൃഷിക്കും കന്നുകാലികൾക്കും അതുവഴി മനുഷ്യസമൂഹത്തിനും ഗുണമുണ്ടാക്കുക എന്നതാണ് ഇത്തരം അനുഷ്ഠാനങ്ങളുടെ ലക്ഷ്യം. പുലയരുടെയുംമറ്റും ഇടയിലുള്ള കലിയനാട്ടം, കലിച്ചിയാട്ടം, കാലിച്ചേകോനാട്ടം തുടങ്ങിയവ ഉർവരതയുമായി ബന്ധപ്പെട്ടു നടത്തുന്ന അനുഷ്ഠാനകലകളാണ്. അതുപോലെ മലയരുടെ ഇടയിൽ നടന്നുവരാറുള്ള കോതാമ്മൂരിയാട്ടവും ഈ വിഭാഗത്തിൽപ്പെടുന്നു. ഭൂമിയെ ഒരു ദേവതയായിട്ടാണ് ഭാരതീയർ കരുതുന്നത്. കൃഷിസ്ഥലത്തിന് 'ഉർവര' എന്ന പേരുണ്ട്. ഭൂമിയെ മാത്രമല്ല ഭൂമിയിൽ വിളയുന്ന ധാന്യങ്ങളെയും മനുഷ്യർ പൂജിക്കുവാൻ തുടങ്ങിയതിന്റെ തെളിവാണ് പാശ്ചാത്യനാടുകളിൽ പ്രചാരത്തിലുള്ള 'റൈസ്മദർ', 'കോൺ മദർ', 'ബാർലിമദർ' തുടങ്ങിയ ഉർവരദേവതാ സങ്കൽപങ്ങൾ (വിഷ്ണു നമ്പൂതിരി, എം.വി., 2007(2) : 112-114 ). ഉർവരതാനുഷ്ഠാനമുറകൾമുതൽ

സാധാരണമനുഷ്യന്റെ നിത്യജീവിതത്തിലെ അതിഥിവിധികൾവരെയുള്ള ചടങ്ങുകളിൽ എല്ലാം ഉർവരാനുഷ്ഠാനത്തിന്റെ സ്വാധീനം ഏറ്റക്കുറവുകളോടെ കാണാം. നെൽക്കതിരിൽ ഐശ്വര്യദേവതയായ ശ്രീഭഗവതി കുടികൊള്ളുന്നു എന്ന സങ്കൽപം ഇന്നും നിലനിൽക്കുന്നു. നെല്ലും അരിയും പൂക്കുലയും പഴുക്കയും വെറ്റിലയും നാളികേരവും കുരുത്തോലയും പൂക്കളും വാഴയിലയും ഇല്ലാത്ത ആഘോഷങ്ങളോ ആരാധനയോ കേരളത്തിൽ ഇല്ല.

ദുർദേവതകളെ പിണക്കിയോ ഇണക്കിയോ ഉച്ചാടനം ചെയ്യുന്നതുമായി ബന്ധപ്പെട്ട് നടത്തുന്ന മാന്ത്രികകർമങ്ങളും അനുഷ്ഠാനകലകളിൽപ്പെടുന്നു. കെന്ത്രോൻപാട്ട്, കന്നൽകളംപാട്ട്, കോലംതുള്ളൽ, കളംപാട്ട്, തെയ്യാട്ടം, മലയൻകെട്ട്, കണ്ണേർപാട്ട്, ഉച്ചബലി തുടങ്ങിയവയൊക്കെ ഈ വിഭാഗങ്ങളിൽ ഉൾപ്പെടുന്നവയാണ്. ഈതിബാധ അകറ്റുന്നതിനുവേണ്ടി നടത്തുന്ന അനുഷ്ഠാനനൃത്തരൂപമാണ് 'മാരിയാട്ടം'. വിനോദത്തിന് പ്രാധാന്യം കൊടുക്കുന്ന അനുഷ്ഠാനേതരകലകളും ധാരാളം ഉണ്ട്. കലാപരമായി മേന്മ അവകാശപ്പെടാവുന്നവയാണിവ. കുമ്മാട്ടിക്കളി, കോലടിക്കളി, മാർഗംകളി, തച്ചോളിക്കളി, പരിചകളി, ചിമ്മാനക്കളി, താലംകളി, ചവിട്ടുകളി, ദപ്പുകളി തുടങ്ങിയ അനുഷ്ഠാനകലകൾ എല്ലാംതന്നെ ഏതെങ്കിലും പുരാവൃത്തത്തിൽ അധിഷ്ഠിതമായിരിക്കും. സെസിൽ എം. ബൗറയുടെ അഭിപ്രായത്തിൽ പുരാവൃത്തം അജ്ഞാതമായവയെ ജ്ഞാതമായവയുമായി ബന്ധിപ്പിക്കുന്നതാണെന്ന് എഴുമറ്റൂർ രാജരാജവർമ്മ ചൂണ്ടിക്കാണിക്കുന്നു (2000 : 5).

**പുരാവൃത്തം**

മതസങ്കൽപങ്ങളുടെ ബാഹ്യമായ സാക്ഷാൽക്കാരമാണ് അനുഷ്ഠാനങ്ങൾ. മനുഷ്യാതീതശക്തികളായ ദൈവം, മരണം, പ്രകൃതി

എന്നിവയെ തന്റെ പരിധിക്കുള്ളിൽ എത്തിക്കുന്നതിനുള്ള എളുപ്പമാർഗ മായിട്ടാണ് മനുഷ്യൻ ഇതിനെ കണ്ടിരുന്നത്. വിശ്വാസാനുഷ്ഠാനങ്ങളെ വ്യാഖ്യാനിക്കുന്നതിൽ പുരാവൃത്തം വഹിക്കുന്ന പങ്ക് എടുത്തുപറയേ ണ്ടതാണ്. എല്ലാക്കാലത്തും എല്ലാവർക്കും പുതിയ അനുഭവം നൽകുന്ന ഇതിഹാസത്തിനു സമമാണ് പുരാവൃത്തം. ഓരോ സമൂഹത്തിന്റെയും പാരമ്പര്യമായ സംസ്കാരരൂപീകരണത്തിന് പുരാവൃത്തം സഹായിക്കുന്ന തിനാലാവാം പുരാവൃത്തത്തെ പാരമ്പര്യോപദേശമെന്ന് വിളിക്കുന്നത് (വിഷ്ണുനമ്പൂതിരി, എം.വി., 1996 : 228). പുരാവൃത്തം കൈകാര്യം ചെയ്യാത്ത ഒരു മേഖലയുമില്ല. പുരാവൃത്തം വിശുദ്ധചരിത്രങ്ങളെയും ലോകോൽ പത്തിയെയും വിശുദ്ധ ആഖ്യാനങ്ങളിലൂടെ അവതരിപ്പിക്കുന്നു. 'പുരാവൃത്തം ഒരു രൂപകമല്ല, ഒരു കഥയുമല്ല. അത് ഒരു സത്യമായി വിശ്വാസികളുടെ മനസ്സിൽ അടിയുറച്ചിട്ടുള്ള ഒന്നാണ് ' എന്ന് മിത്തോളജിസ്റ്റായ ജോസഫ് ക്യാംബലിന്റെ അഭിപ്രായം പോൾ കുറിറ്റ്സ് ഉദ്ധരിച്ചിരിക്കുന്നു (1998 : 3,4). പണ്ടെങ്ങോ നടന്ന ചരിത്രത്തിന്റെ കഥയാണ് പുരാവൃത്തം എന്ന് പറയാം. എല്ലാ ജനവിഭാഗങ്ങളുടെയും പുരാവൃത്തങ്ങൾ തമ്മിൽ സമാനത ദർശിക്കാനാകും. പാവനത്വമാണ് പുരാവൃത്തത്തിന്റെ പ്രത്യേകതയെങ്കിലും ചരിത്രാതീതമായ ചരിത്രമാണ് പുരാവൃത്തം. ഇത് കെട്ടുകഥയല്ല (പയ്യനാട്, രാഘവൻ., 2006 : 175,176). 'ആശയവിനിമയ ഉപാധിയായിട്ടാണ് ലവിസ്ട്രോസ് പുരാവൃത്തത്തെ കാണുന്നത് ' എന്ന് രാഘവൻ പയ്യനാട് ഉദ്ധരിച്ചിരിക്കുന്നു (2006 : 176). ദൈവത്തിന്റെ ഉത്ഭവം, സൂര്യചന്ദ്രന്മാർ, കാറ്റ്, വെള്ളം, വെളിച്ചം തുടങ്ങിയ പ്രകൃതി പ്രതിഭാസങ്ങളുടെ ഉൽപത്തി എന്നിങ്ങനെ സമസ്ത മേഖലകളിലും പുരാവൃത്തം വ്യാപിച്ചു കിടക്കുന്നു. അതായത് 'അഭൗമ്യവും

ദൈവികവും ഉത്പത്തിസംബന്ധിയുമായ ഭാവനകളിലൂടെ സന്ദേശം പ്രത്യക്ഷപ്പെടുമ്പോൾ അത് പുരാവൃത്തമാകുന്നു' (പയ്യനാട്., 2006 : 191).

ഓരോ പുരാവൃത്തവും മറ്റൊന്നിന്റെ തുടർച്ചയായിരിക്കും. ഇങ്ങനെ പരസ്പരം ബന്ധപ്പെട്ട പല ഘടകങ്ങൾ ചേർന്നുണ്ടാകുന്ന പുരാവൃത്ത സഞ്ചയത്തിന് അത് നിലനിൽക്കുന്ന സാഹചര്യത്തിൽ ചില ധർമങ്ങൾ നിറവേറ്റാനുണ്ട്. പുരാവൃത്തത്തിന് നാല് ധർമങ്ങളാണുള്ളതെന്ന് ജോസഫ് ക്യാംബൽ പറയുന്നു. അവ (1) ആത്മീയധർമം (2) അതീന്ദ്രീയം (3) സാമൂഹികം - order, morality (4) മാനസികം - വ്യക്തി നിർമിതി - സാമൂഹിക ഘടനയുടെ നിർമിതി (കുറിറ്റ്സ്, പോൾ., 1998 : 3, 4) എന്നിവയാണ്. അനുഷ്ഠാനമുറകളെ വിശദീകരിക്കുകയാണ് മിത്തിന്റെ പ്രാഥമിക ധർമമെന്നാണ് കെ.എം. വേണുഗോപാലിന്റെ അഭിപ്രായം (1988 : 38). പുരാവൃത്തത്തിന് വഴിപ്പെടാത്ത ഒരു സമൂഹവും ഇല്ലെന്നുമാത്രമല്ല അവ ഒഴുകിനടക്കുന്നതും അലിഖിതവും ഭാവനാസമ്പന്നവും തലമുറകളിലൂടെ നിലനിൽക്കുന്നവയുമാണ്. പുരാവൃത്തങ്ങളെ രണ്ടായി തരംതിരിക്കാം: (1) അവചപുരാവൃത്തം (2) ഉച്ചപുരാവൃത്തം.

**അവചപുരാവൃത്തം**

ഒരു പ്രത്യേക ജാതിക്കോ സമൂഹത്തിനോ മാത്രമായിട്ടുള്ള പുരാവൃത്തത്തെ അവചപുരാവൃത്തമെന്ന് പറയുന്നു. ഇത്തരത്തിലുള്ള പുരാവൃത്തങ്ങൾ മറ്റു ജാതികളോ സമൂഹമോ അംഗീകരിക്കണമെന്നില്ല. ഉദാഹരണത്തിന് തൃശൂർജില്ലയിലെ പറയസമുദായത്തിൽപ്പെട്ടവരുടെയിടയിൽ നിലനിൽക്കുന്ന 'മലവായിആട്ട്'വും അതിന്റെ പിന്നിലുള്ള പുരാവൃത്തവും.

**ഉച്ചപുരാവൃത്തം**

വ്യത്യസ്ത ജാതികളെയും സമൂഹങ്ങളെയും ഒരുപോലെ സ്വാധീനിക്കുന്ന പുരാവൃത്തമാണ് ഉച്ചപുരാവൃത്തം. ഉദാഹരണത്തിന് കാളീപുരാവൃത്തം.

ദൈവികശക്തികളെ നിലനിർത്താനും ആസുരശക്തികളെ ഉച്ചാടനം ചെയ്യാനും മനുഷ്യൻ ശീലിച്ചതിന്റെ തെളിവാണ് മാന്ത്രിക ശക്തിയിലുള്ള അവന്റെ പ്രാവീണ്യം. മതപരമായ ചടങ്ങുകളിലും ആഘോ ഷങ്ങളിലും നിർദേശിക്കപ്പെട്ട മാന്ത്രികശക്തി സൗന്ദര്യസിദ്ധാന്തമായി വളർന്ന് അതിവിശിഷ്ടമായ കലകളായും പ്രകടനങ്ങളായും രൂപാന്തരം പ്രാപിച്ചു. ആര്യന്മാരുടെ വരവോടെ ബുദ്ധ-ജൈന മതങ്ങളുടെ മാതൃക സ്വീകരിച്ച് ഹിന്ദുമതത്തിലും ക്ഷേത്രങ്ങളുണ്ടായി. ഇതിനുമുൻപ് ദേവീദേവന്മാ രുടെ വാസസ്ഥലം കാവുകൾ എന്നറിയപ്പെട്ടിരുന്ന വൃക്ഷക്കൂട്ടങ്ങളുടെ ചുവട്ടിലുള്ള ശ്രീമൂലസ്ഥാനമായിരുന്നു. ഭൂമിയിലെ ഏറ്റവും ശുദ്ധവും വൃത്തിയുള്ളതുമായ ഇടമാണ് കാവുകൾ. സർപ്പങ്ങളുടെ ആവാസകേന്ദ്രവും ഇതുതന്നെ. ജൈവവൈവിധ്യങ്ങളുടെ സങ്കേതമായ സർപ്പക്കാവുകൾ മണ്ണൊലിപ്പ് തടയൽ, പരിസ്ഥിതി സംരക്ഷണം തുടങ്ങി എല്ലാത്തരത്തിലുള്ള പ്രകൃതി സംരക്ഷണത്തിലും മുഖ്യമായ പങ്ക് വഹിക്കുന്നു. എന്നാൽ, പിന്നീട് തുറസ്സായ കാവുകളുടെ സ്ഥാനത്ത് അടച്ചുകെട്ടോടുകൂടിയ ക്ഷേത്രങ്ങൾ സ്ഥാനം പിടിച്ചു.

പ്രാക്തനമനുഷ്യർ മനോവിചാര-വികാരങ്ങൾ പ്രകടിപ്പിക്കു ന്നതിനും അതുവഴി സംതൃപ്തി നേടുന്നതിനും തെരഞ്ഞെടുത്ത മാർഗമാണ് സ്വത്വത്തെ ആവിഷ്കരിക്കുന്ന നാടോടിക്കലകൾ. പാരമ്പര്യം കൈമാറിവന്ന

മനുഷ്യന്റെ പൈതൃകസമ്പത്തായ ഇത്തരം കലകൾ അവന്റെ ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ടുകിടക്കുന്നു. ഇത്തരം നാടോടിക്കലകളെ നാടോടിനൃത്തം, നാടോടിനാടകം എന്ന് രണ്ടായി തിരിക്കാമെങ്കിലും നൃത്തത്തിന്റെ പരിണാമമായിട്ടാണ് നാടകത്തെ ഭരതൻ തുടങ്ങിയ ആചാര്യന്മാർ പരിഗണിക്കുന്നത് (വിഷ്ണുനമ്പൂതിരി, എം.വി., 2007(2) : 151). നൃത്തവും സംഗീതവും ഇഴുകിച്ചേരുന്ന നാടോടിനാടകങ്ങളിലാണ് നാടോടി ക്കലകളുടെ തനിമ നിലനിൽക്കുന്നത്.

## 1.5 നാടോടിനൃത്തങ്ങൾ

താളാത്മകമായ പ്രപഞ്ചത്തിലെ മനുഷ്യന്റെ ശരീരഭാഷയാണ് നൃത്തം. 'വികാരത്തിൽ നിന്നുളവാകുന്ന ചലനമാണ് നൃത്തം' എന്ന് എൻസൈക്ലോപീഡിയ ബ്രിട്ടാനിക്കയിൽ വ്യക്തമാക്കിയിരിക്കുന്നു (1968 : 30). സജീവമായ നൃത്തമാണ് എല്ലാ കലകളുടെയും മാതാവ്. അതുകൊണ്ടു തന്നെ ഏറ്റവും പുരാതനമായ കലാരൂപവും നൃത്തംതന്നെ. ഗുഹാമുഖ ങ്ങളിലുംമറ്റും ജീവിച്ചിരുന്ന പ്രാചീനമനുഷ്യർ വേട്ടയാടിയ പക്ഷിമൃഗാദികളെ വേവിക്കാതെയോ അഗ്നികുണ്ഡത്തിലിട്ട് വേവിച്ചോ, ഭക്ഷിച്ചതിനുശേഷം ആ അഗ്നികുണ്ഡത്തിനുചുറ്റും അവർ പ്രകടിപ്പിച്ച പ്രകടനം. ഭാഷയുടെ ആവിർഭാവത്തിനുമുൻപ് പ്രാകൃതമനുഷ്യർ ആനന്ദസൂചകമായി പുറപ്പെടു വിച്ച അവ്യക്തമായ സ്വരത്തിന് താളാത്മകമായി അവർ പ്രകടിപ്പിച്ച ശരീരചലനങ്ങളാണ് നൃത്തത്തിന്റെ ആദിരൂപം. ഇതിന്റെ വികസിതരൂപമാണ് പിൽക്കാല നൃത്തരൂപങ്ങൾ. പ്രാക്തനമനുഷ്യന് ആനന്ദത്തിന്റെയും സംതൃപ്തിയുടെയും സൂചകമായിരുന്നു നൃത്തം. മനുഷ്യമനസ്സിലെ ആനന്ദ ത്തിന്റെ വികാരത്തള്ളലാണ് നൃത്തങ്ങളും ഗാനങ്ങളുമായി പുറത്തുവരുന്നത്. ഈഅവസ്ഥ സകല ജീവജാലങ്ങൾക്കുമുണ്ട്. മനുഷ്യന്റെ സംസ്കാരവുമായി

ബന്ധപ്പെട്ട് ഇതിനെ മൂന്നായിതിരിക്കാം.(1)പ്രാകൃതനൃത്തം (2)നാടോടിനൃത്തം (3) പരിഷ്കൃതനൃത്തം.

പ്രാക്തനമനുഷ്യൻ ആനന്ദസൂചകമായി അവതരിപ്പിച്ച നൃത്തരൂപമാണ് പ്രാകൃതനൃത്തം. നാടോടിനൃത്തം പ്രാകൃതനൃത്തത്തേക്കാൾ സാംസ്കാരികമായി മേന്മ പുലർത്തുന്നതാണ്. ഇത് സാംസ്കാരിക പരിണാമത്തിന്റെ മധ്യഘട്ടത്തെ പ്രതിനിധാനം ചെയ്യുന്നു എന്ന് രാഘവൻ പയ്യനാട് അഭിപ്രായപ്പെടുന്നു (2006 : 333). നാടോടിനൃത്തം തലമുറയായി കൈമാറ്റം ചെയ്യപ്പെടുന്ന ഒന്നാണ്. ഇത് കാലഘട്ടത്തിനും കൈയാളുന്ന ജനസമൂഹത്തിന്റെ സംസ്കാരത്തിനും അനുസരിച്ച് പരിണാമത്തിന് വിധേയമാകുന്നു. സാംസ്കാരികമായ കൊടുക്കൽ വാങ്ങലുകൾ ഒരു പരിധി വരെ നടക്കുന്നത് ഇത്തരത്തിലുള്ള നാടോടിക്കലകളിലൂടെയാണ്. അവതരണത്തിന് പ്രത്യേക പരിശീലനം ആവശ്യമില്ലാത്ത നാടോടി നൃത്തങ്ങളുടെ പ്രത്യേകത ഇവയുടെ അവതാരകരും ആസ്വാദകരും തമ്മിൽ വേർതിരിവില്ല എന്നതാണ്. അവതാരകൻ-ആസ്വാദകർ/ നടൻ-പ്രേക്ഷകർ എന്നീ ദ്വന്ദ്വങ്ങൾ അനുഷ്ഠാനനാടകത്തിന്റെ അവതരണത്തിൽ പ്രവർത്തിക്കുന്നില്ല. ഇവിടെ അവതാരകരും പങ്കാളികളുമാണുള്ളത്. വിശ്വാസത്തിലധിഷ്ഠിതമായ പങ്കാളിത്തമാണ് അനുഷ്ഠാനനാടകത്തിന്റെ അവതരണത്തിൽ-വിശേഷിച്ചും യഥാർഥ സാഹചര്യത്തിൽ- സംഭവിക്കുന്നത്. പ്രത്യേക പരിശീലനം ആവശ്യമുള്ളതാണ് പരിഷ്കൃതനൃത്തങ്ങൾ. ഇവയുടെ ആസ്വാദനം നാടൻനൃത്തങ്ങളുടേതുപോലെ അത്ര എളുപ്പമല്ല. നാടോടിനൃത്തങ്ങളെ അനുഷ്ഠാനപരം, അനുഷ്ഠാനേതരം എന്ന് തിരിക്കാം.

പ്രകൃതിയോട് മല്ലിട്ടുകഴിഞ്ഞിരുന്ന ജനതതി തങ്ങളുടെ കൃഷിക്കാവശ്യമായ മഴ, സമൃദ്ധമായ വിളവ്, വെയിൽ തുടങ്ങിയവയുടെ

ലഭ്യതയ്ക്കുംമറ്റുമായി പ്രകൃതിയെയും പ്രകൃത്യതീതശക്തികളെയും തൃപ്തിപ്പെടുത്താൻവേണ്ടി താളാത്മകമായി മന്ത്രധ്വനികളും അംഗ ചലനങ്ങളും പ്രയോഗിക്കാൻ തുടങ്ങിയതോടെയായിരിക്കണം അനുഷ്ഠാന നൃത്തരൂപങ്ങളുടെ ഉൽപത്തി. പ്രാചീനമനുഷ്യന് നൃത്തം ഒരു വിനോദോ പാധിയോ കേവലം സന്തോഷപ്രകടനമോ മാത്രമായിരുന്നില്ല, അവന്റെ ജീവിതത്തിന്റെ ഭാഗം തന്നെയായിരുന്നു. നാടോടിനൃത്തങ്ങളിൽ ഏറ്റവും പ്രധാനം അനുഷ്ഠാനനൃത്തങ്ങളാണ്.

## 1.6 അനുഷ്ഠാനനൃത്തങ്ങൾ

മനുഷ്യന്റെ നിയന്ത്രണത്തിനതീതമായ പ്രപഞ്ചശക്തികളെ തങ്ങളുടെ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിനുവേണ്ടി അവൻ കണ്ടുപിടിച്ച ഉപാധിയാണ് പ്രകൃത്യതീത ശക്തികളെ പ്രീതിപ്പെടുത്തൽ. ഇതിനായി മനുഷ്യൻ കണ്ടെത്തിയ മാർഗങ്ങളാണ് മന്ത്രാനുഷ്ഠാനവും ആഭിചാരപ്രവൃത്തികളും. വിശ്വാസത്തിന്റെപേരിൽ പാരമ്പര്യമായി അനുവർത്തിച്ചു വരുന്ന കർമമാണ് അനുഷ്ഠാനം. സങ്കീർണമായ ജീവിതത്തിലുണ്ടാകുന്ന പ്രശ്നങ്ങളിൽനിന്നും സമാശ്വാസം കണ്ടെത്താൻ പ്രാക്തനസമൂഹം കണ്ടെത്തിയ ഉപാധിയായിരുന്നു മന്ത്രവാദങ്ങളും ആഭിചാരപ്രവൃത്തികളും. വ്യത്യസ്ത മാർഗങ്ങളിലൂടെ വിവിധമതങ്ങൾ എത്തിച്ചേർന്നത് ഒരേ ലക്ഷ്യത്തിലാണ്. ഇത്തരത്തിലുള്ള ശ്രമങ്ങൾക്ക് മനുഷ്യൻ കണ്ടെത്തിയ മാർഗമാണ് നൃത്തം. ആരാധന, അനുഷ്ഠാനകർമം, മാന്ത്രികക്രിയ,സംസ്കാരച്ചടങ്ങുകൾ എന്നിവയുമായി ബന്ധപ്പെട്ടു നടത്തുന്ന മതപരമായ നൃത്തങ്ങളെ അനുഷ്ഠാനനൃത്തങ്ങൾ എന്നുപറയാം. ഇത്തരം അനുഷ്ഠാനനൃത്തങ്ങളിലൂടെ ദൈവമായി മാറാനും ദൈവവുമായി സംവദിക്കാനും മനുഷ്യന് സാധ്യമാകുന്നു എന്നതിന്റെ തെളിവുകളാണ്

തെയ്യങ്ങളും വെളിച്ചപ്പാടുകളും.

നാടോടിനൃത്തത്തിൽ വലിയൊരു വിഭാഗം അനുഷ്ഠാനപരങ്ങളാണ്. സമൂഹത്തിന്റെ സംസ്കാരത്തെ സംരക്ഷിക്കുന്നതിനും ഐക്യം നിലനിർത്തുന്നതിനും ബലപ്പെടുത്തുന്നതിനും ഇവ സഹായിക്കുന്നു. അനുഷ്ഠാനനൃത്തങ്ങൾ കാവുകളിലും ക്ഷേത്രങ്ങളിലും വാർഷിക ഉത്സവങ്ങളുമായി ബന്ധപ്പെട്ടാണ് കൂടുതലും നടക്കുക. ഇവ സമൂഹത്തിലെ ഓരോ വ്യക്തിയുടെയും ഉയർച്ചയും സമാധാനവും ഐശ്വര്യവും അതോടൊപ്പം കൂട്ടായ്മയുടെ ഐകൃവും ലക്ഷ്യംവെച്ചാണ് അവതരിപ്പിക്കുന്നത്. കോലംതുള്ളൽ, സർപംതുള്ളൽ, ഭൂതംതുള്ളൽ, കോമരംതുള്ളൽ (വെളിച്ചപ്പാട്), തെയ്യാട്ടം, തിറയാട്ടം, കാവടിയാട്ടം, കുറുന്തിനിപ്പാട്ട്, തീയ്യാട്ട്, ഭദ്രകാളിത്തുള്ളൽ തുടങ്ങി അനേകം അനുഷ്ഠാനനൃത്തങ്ങൾ കേരളത്തിൽ പ്രചാരത്തിലുണ്ട്.

അനുഷ്ഠാനങ്ങൾ പൊതുവെ സമൂഹത്തിന്റെ ഐകൃവും സമാധാനവും ഉറപ്പുവരുത്തുന്നു. ഇവിടെ സമൂഹത്തിന്റെ മുഴുവൻ വികാരവും ഒന്നാകുന്ന കാഴ്ചയാണ് കാണാൻ കഴിയുക. അനുഷ്ഠാനകലകളിൽ കാഴ്ചക്കാരില്ല. എന്നാൽ അനുഷ്ഠാനേതരകലകൾ കാഴ്ചക്കാരെ ഉദ്ദേശിച്ചാണ് അവതരിപ്പിക്കുന്നത്. വിശ്വാസത്തിലധിഷ്ഠിതമായ അനുഷ്ഠാനകലാദർശനത്തിലൂടെ ദിവ്യമായ ഒരനുഭവത്തിന് സാക്ഷ്യം വഹിക്കുന്നതോടൊപ്പം അതിൽ പങ്കാളിയാവുകയും ചെയ്യുന്നു. അതുകൊണ്ടുതന്നെ അനുഷ്ഠാനകല അവതരിപ്പിക്കുന്ന വ്യക്തിയെ സംബന്ധിച്ച് അത് അവതരിപ്പിക്കുന്നത് ഇഷ്ടദേവതാ സന്നിധിയിലാകയാൽ പ്രേക്ഷകർ വേണമെന്ന് നിർബന്ധമില്ല.

അനുഷ്ഠാനനൃത്തങ്ങളിലും അനുഷ്ഠാനനാടകങ്ങളിലും അനുഷ്ഠാനാംശത്തിന് പ്രാധാന്യമുണ്ടെങ്കിലും അനുഷ്ഠാനനൃത്തം പ്രബന്ധവിഷയമല്ലാത്തതിനാൽ അതിനെക്കുറിച്ച് വിശദമായി പ്രതിപാദിക്കുന്നില്ല. എന്നിരുന്നാലും അനുഷ്ഠാനം ഒരു പ്രബലഘടകമായിട്ടുള്ള തെയ്യത്തിന്റെ സവിശേഷതകൾ മാത്രം ഇവിടെ വിശദീകരിക്കുന്നു.

### 1.6.1 തെയ്യം

അനുഷ്ഠാനനൃത്തം എന്ന നിലയിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന കലാരൂപമാണ് തെയ്യം. 'ദൈവം' എന്ന പദത്തിന്റെ തത്ഭവരൂപമാണ് തെയ്യം (വിഷ്ണുനമ്പൂതിരി, എം.വി., 2007(1) : 13). ദേവതയെ വിളിച്ചുവരുത്തി തോറ്റംപാടി സന്തോഷിപ്പിച്ച് അനേകം അനുഷ്ഠാനങ്ങളിലൂടെ കോലക്കാരനിലേക്ക് ആവാഹിച്ച് കോലക്കാരൻ ദേവതയായി ഉറഞ്ഞുതുള്ളി ഭക്തന് അനുഗ്രഹം വർഷിച്ച് വന്നവഴി തിരിച്ചുപോകുന്ന മനുഷ്യബിംബമാണ് തെയ്യം (ചന്തേര, സി.എം.എസ്., 2004 : 84).

ഭക്തിയുടെ പാരമ്യതയിലേയ്ക്ക് രംഗവാസികളെ എത്തിക്കാനുള്ള ഒരു ഉപാധിയാണ് അനുഷ്ഠാനകലകൾ. ദൈവങ്ങൾക്ക് മനുഷ്യന്റെ രൂപവും വികാരവും ഉണ്ടെന്നുള്ള സങ്കൽപം പ്രാചീനമനസ്സിന്റെ സംഭാവനയാണ്. ഒരു അരങ്ങിനെ നടൻ വിചാരിച്ചാൽ ഒരേസമയം നൃത്തം, നൃത്യം, നാട്യം എന്നിവയുടെ ഇടമാക്കി മാറ്റാൻ കഴിയും. നടനിലൂടെ ആവിഷ്കൃതമാകുന്ന മൂർത്തമോ അമൂർത്തമോ ആയ രൂപമാറ്റത്തിലൂടെയാണ് ഇത് സാധ്യമാകുന്നത്. പ്രേക്ഷകനെ സംബന്ധിച്ചിടത്തോളം അരങ്ങ് ദൃശ്യസംബന്ധമായ ഭാവനകളും അനുഭൂതികളും ഉണർത്തുന്ന ഇടമാണ്. നൃത്തം, ഗീതം, വാദ്യം എന്നീ തൗര്യത്രികവും മറ്റ് അനുബന്ധകലകളുംചേർന്ന് പുതിയൊരു ലോകം സൃഷ്ടിക്കുന്ന നടൻ ആസ്വാദകനെ കൈപിടിച്ചാനയിക്കുകയുംചെയ്യുന്നു.

ഇത്തരത്തിലുള്ള ഒരനുഭവതലമാണ് തെയ്യംകലാകാരന്മാർ സൃഷ്ടിക്കുന്നത്. 'തെയ്യപുരാവൃത്തങ്ങളുടെ സർവാംഗീണമായ മനോഹാരിത നിറഞ്ഞു നിൽക്കുന്നത് നാടൻ പുരാവൃത്തങ്ങളിലാണ് '(നമ്പ്യാർ, ഏ.കെ., 1989 : 120). മലയാളത്തെ സംബന്ധിച്ച് തെയ്യത്തെപ്പോലെയുള്ള ഒരനുഷ്ഠാനനൃത്തം വേറെയില്ല. തൗര്യത്രികത്തിന്റെ അകമ്പടിയോടെ വൈചിത്ര്യമാർന്ന മുഖത്തെഴുത്തോടും വേഷവിധാനങ്ങളോടുംകൂടി പ്രത്യക്ഷപ്പെടുന്ന തെയ്യം അനുഷ്ഠാനനൃത്തങ്ങളിൽ മികച്ചു നിൽക്കുന്നു.

അതിപ്രാചീനകാലഘട്ടത്തിലെ സമൂഹത്തിൽ ദൈവസങ്കൽപ ത്തിന് എന്തെല്ലാം അമാനുഷികമായ രൂപ-ഭാവ-വർണ മാറ്റങ്ങളുണ്ടോ അതെല്ലാം തെയ്യത്തിൽ ആരോപിച്ചിരിക്കുന്നു. പ്രാചീനകേരളത്തിന്റെ സ്വത്തായ ഈ കലയിൽ കാണുന്ന കലാസൗന്ദര്യസങ്കൽപം അത്യന്തം സമ്പന്നവും വികസ്വരവും അതിലേറെ നമ്മുടെ സൗന്ദര്യാസ്വാദന പാരമ്പര്യത്തെ വിളിച്ചറിയിക്കുന്നതുമാണ്. കോട്ടയംതമ്പുരാന്റെ കഥകളിക്ക് പകരമായി ചിറയ്ക്കൽ തമ്പുരാക്കന്മാർ സൃഷ്ടിച്ചതാണ് തെയ്യമെന്ന് പഴമക്കാർ കരുതിയിരുന്നെങ്കിലും ഇതിന് കഥകളിയേക്കാൾ പഴക്കമുണ്ടെന്ന് കണ്ടെത്താൻ കഴിയും. ഈ വർണക്കാഴ്ചയുടെ സ്വരൂപത്തെ പല അംശങ്ങളിൽ ഉപജീവിക്കുവാനുള്ള ശ്രമം കഥകളിയിൽ ഉണ്ടായിയിട്ടുണ്ട് (ശങ്കരപ്പിള്ള, ജി., 2000 : XIII).

തുലാംപത്ത് കഴിയുന്നതോടെ ഉത്തരകേരളത്തിലെ കാവുകളിലും തറവാട്ടുമുറ്റങ്ങളിലും കത്തിച്ചുപിടിച്ച ചൂട്ടിന്റെ വെളിച്ചത്തിൽ കത്തിയാളുന്ന തീക്കുണ്ഡങ്ങളുടെ മുൻപിൽ തെയ്യങ്ങൾ ഉറഞ്ഞുതുള്ളുന്നു. ഒപ്പം ഗ്രാമീണജനതയുടെ മനസ്സും ശരീരവും. വടക്കൻകേരളത്തിന്റെ തനിമ നിറഞ്ഞുനിൽക്കുന്ന ഈ അനുഷ്ഠാനകലാരൂപം അനേകം കലാരൂപങ്ങളുടെ

തീരാധനിയാണ് (മാരാർ, കെ.കെ., 1999 : 113). രാത്രിയുടെ ഇരുട്ടിനെ കീറിമുറിച്ചെത്തുന്ന തീപ്പന്തങ്ങളുടെ മുൻപിൽ കാവിന്റെ നിശ്ശബ്ദതയെ ഭേദിച്ചെത്തുന്ന തെയ്യം ഗ്രാമീണജനതയുടെ മനസ്സിനെ ഭയ-ഭക്തി ബഹുമാനങ്ങളുടെ ആകെത്തുകയാക്കി മാറ്റുന്നു. ഇഷ്ടകാര്യപ്രാപ്തിക്കും മറ്റുമായി നടത്തുന്ന തെയ്യത്തിന്റെ മുഖ്യമായ ധർമം ഇഷ്ടദേവതാ പ്രീണനമാണ്.

മറ്റേത് അനുഷ്ഠാനകലകളെയുംപോലെ തെയ്യവും പ്രകൃത്യാ രാധനയിൽതുടങ്ങി അനുഷ്ഠാനങ്ങളിലൂടെ കടന്ന് മനുഷ്യമനസ്സിൽ കുടിയിരിക്കുന്നു. കാവിൽ തെയ്യം കാണാനെത്തുന്ന ഭക്തന്റെ മുൻപിൽ പ്രത്യക്ഷപ്പെടുന്ന ദൈവത്തിന്റെ പ്രകടിതരൂപമാണ് തെയ്യം. പലതരം അനുഷ്ഠാനങ്ങളിൽ കാണുന്ന ആരാധനാരീതികളിൽനിന്നും രൂപപ്പെട്ട ആരാ ധനാസമ്പ്രദായമാണ് ഇതിനുള്ളത്. ഇതര അനുഷ്ഠാനകലകളിൽനിന്നും വ്യത്യസ്തമായി ഓരോ തെയ്യത്തിനും ഓരോ പുരാവൃത്തമുണ്ടാകും. അമ്മദൈവങ്ങൾ, ഭഗവതിമാർ, ചാമുണ്ഡികൾ, കാളികൾ, നാഗകന്യകൾ, വനദേവതകൾ, മന്ത്രമൂർത്തികൾ, ഇതിഹാസപുരുഷന്മാർ, പൂർവികർ, വീരന്മാർ, ചതിക്കപ്പെട്ടവർ, അടിച്ചമർത്തപ്പെട്ടവർ തുടങ്ങിയവയെല്ലാം തെയ്യത്തിൽ പ്രത്യക്ഷപ്പെടാറുണ്ട്. കാവുകളിൽ അമ്മദൈവങ്ങൾക്കും ഭഗവതിമാർക്കുമാണ് പ്രാമുഖ്യം (വിഷ്ണുനമ്പൂതിരി, എം.വി., 2007(1) : 2 ).

സാത്വികമൂർത്തികളായ അമ്മദൈവങ്ങൾ സ്ത്രീകൾക്ക് മാന്യതയും ആദരവും നൽകുന്നതിന്റെ പ്രതീകങ്ങളാണ്. ഗ്രാമീണജനത തെയ്യത്തെ ആരാധിക്കുകവഴി സ്വയം ശക്തി സംഭരിക്കുകയാണ് ചെയ്യുന്നത്. പ്രതികരിക്കുകയും പ്രതിഷേധിക്കുകയും ചെയ്യുന്ന ഒരു തലമുറയുടെ സ്വരമാണ് നാം തെയ്യത്തിലൂടെ അടുത്തറിയുന്നത്. പുരാണേതിഹാസങ്ങളിൽ

നിറഞ്ഞുനിൽക്കുന്ന ശക്തിവിശേഷങ്ങളെ സാധാരണജനതയുടെ ഇടയിലേയ്ക്ക് കൈപിടിച്ചു കൊണ്ടുവരുന്ന കാഴ്ചയാണ് നാം കാണുന്നത്. ഉത്തരമലബാറിലെ ഗ്രാമീണമനുഷ്യന്റെ ശക്തിയും ധൈര്യവും വിജയവും ഐശ്വര്യവുമെല്ലാം തെയ്യാരാധനകളിൽ കുടികൊള്ളുന്നു. അതുകൊണ്ടു തന്നെ ഇവയെ അന്ധവിശ്വാസം എന്നുപറഞ്ഞ് തള്ളിക്കളയാനാവില്ല. നിഗ്രഹാനുഗ്രഹ ശക്തിയുള്ളവരാണ് തെയ്യങ്ങൾ എന്നാണ് വിശ്വാസം. കാവുകളിലും തറവാടുകളിലും എല്ലാവർഷവും കൃത്യസമയത്ത് നടത്തുന്നതിന് കളിയാട്ടമെന്നും വളരെക്കാലംകൂടി നടത്തുന്ന തെയ്യത്തിന് പെരുങ്കളിയാട്ടമെന്നും പറയുന്നു.

സമൂഹത്തിലെ അധ:സ്ഥിതവർഗക്കാരായ വണ്ണാൻ, മലയൻ, വേലൻ, കോപ്പാളൻ എന്നീ അവർണരാണ് തെയ്യങ്ങൾ കെട്ടുന്നത്. കടുത്ത വ്രതാനുഷ്ഠാനത്തിനുശേഷമാണ് ഇവർ തെയ്യംകെട്ടുക. തീണ്ടലില്ലാതെ സവർണരുടെ മുൻപിൽ നിൽക്കാനുള്ള അവസരം കൂടിയാണിത്. കാവിലോ തറവാട്ടുമുറ്റത്തോ വെച്ചാണ് തെയ്യം നടത്തുന്നതെങ്കിൽക്കൂടി അനുഷ്ഠാന ക്രമമനുസരിച്ച് രംഗവേദി മാറിക്കൊണ്ടിരിക്കുന്നു.

തെയ്യം കെട്ടുന്ന വ്യക്തിയെ കാവിൽ ഉത്സവം തുടങ്ങുന്ന വിവരം മുൻകൂട്ടി അറിയിക്കുന്നു. തെയ്യം കെട്ടുന്നതിന്റെ തലേദിവസം സന്ധ്യയ്ക്ക് 'കൊട്യാക്കല' വാങ്ങുന്ന ചടങ്ങുണ്ട്. കൊടിയിലയിൽ പഴുക്കയും വെറ്റിലയും മഞ്ഞൾക്കുറിയും അരിയും കത്തിച്ചുവെച്ച തിരിയും കൂടി ചുവന്ന പട്ടുടുത്തു നിൽക്കുന്ന തെയ്യക്കാരൻ ഏറ്റുവാങ്ങി ദൈവസ്ഥാനത്തിന്റെ മുൻപിൽനിന്ന് തോറ്റംപാടുന്നു. ചില തെയ്യങ്ങൾക്ക് തോറ്റത്തിന്റെ സ്ഥാനത്ത് വെള്ളാട്ടമാണ്. ഐതിഹ്യവും സൂചിതകഥകളും അണിയറയിലേയ്ക്കുപോകുന്നു. തുടർന്ന് അടുത്ത ദിവസത്തെ തെയ്യത്തിനുള്ള മുഖത്തെഴുത്താരംഭിക്കുന്നു. ചായില്യം,

കരി, അരിപ്പൊടി, മനയോല തുടങ്ങിയവ വെളിച്ചെണ്ണയിൽ ചാലിച്ച് മുഖത്തെഴുതുന്നതിനുള്ള ചായങ്ങൾ നിർമിക്കുന്നു. പച്ചഈർക്കിലി ചെത്തിമിനുക്കി ബ്രഷുകളായി ഉപയോഗിക്കുന്നു. പാരമ്പര്യമായി ചെയ്തു വരുന്ന രീതിയിൽ തന്നെയാണ് കലാകാരന്മാർ മുഖത്തെഴുത്തുംമറ്റും നടത്തുന്നത്. ഒരിക്കൽപോലും പാരമ്പര്യത്തിൽനിന്നും വ്യതിചലിക്കാൻ ഇവർ ശ്രമിക്കാറില്ല. തെയ്യത്തിന്റെ വ്യത്യാസമനുസരിച്ച് മുടിയും വ്യത്യാസ പ്പെട്ടിരിക്കും. അതുപോലെ ആടയാഭരണങ്ങൾക്കും ആയുധങ്ങൾക്കും വ്യത്യാസമുണ്ട്. തെയ്യം ശരീരത്തിൽ പൂർണമായി ആവാഹിച്ച കോലക്കാരൻ അനുക്രമമായി വളർന്ന് താളനിബദ്ധമായ ഒരു നൃത്തരൂപമായി മാറും. പിന്നീട് മുടി അഴിക്കുന്നതുവരെയുള്ള പ്രവർത്തനങ്ങളിൽനിന്നും അതിലെ അനുഷ്ഠാനാംശത്തെയോ കലാംശത്തെയോ വേർതിരിക്കാനാവില്ല. അവ പരസ്പരം ഇഴപിരിച്ചെടുക്കാനാകാത്തവിധം ഇഴുകിച്ചേർന്നിരിക്കുന്നു.

പലതരത്തിലുള്ളതെയ്യങ്ങൾ ഉണ്ട്. ഓരോന്നിനും ഓരോ തരത്തിലുള്ള രൂപവും വർണവും താളക്രമവും ചലനവുമാണ്. ഓരോ തെയ്യത്തിനും അനുഷ്ഠാനത്തിന്റെ വ്യത്യസ്തതലങ്ങളിൽ വ്യത്യസ്ത രീതിയിലുള്ള താളക്രമവും നൃത്തക്രമവുമാണുള്ളത്. എല്ലാ നാടൻ കലകളെയുംപോലെ തെയ്യം എന്നഅനുഷ്ഠാനനൃത്തത്തിനും പ്രത്യേക വായ്ത്താരികളുണ്ട്. എന്നുമാത്രമല്ല ഓരോ കൂട്ടായ്മയ്ക്കുമുണ്ട് പ്രത്യേകം പ്രത്യേകം വായ്ത്താരികളും താളക്രമവും. നാടകീയാംശം തെയ്യത്തിൽ കൂടുതലുണ്ടെങ്കിലും ഇത് ഒരനുഷ്ഠാനനൃത്തമാണ്. കാണാത്ത ദൈവ ത്തെക്കാൾ കാണുന്ന ദൈവത്തിന്റെ ശക്തിയിൽ വിശ്വസിച്ച ജനവിഭാ ഗത്തിന്റെ മുഴുവൻ അനുഷ്ഠാനവും വിശ്വാസവുമായി മാറാൻ തെയ്യം എന്ന അനുഷ്ഠാനനൃത്തത്തിന് കഴിഞ്ഞു. നൃത്തത്തിൽ തുടങ്ങി നാടകീയമുഹൂർ

ത്തങ്ങളിലൂടെകടന്ന് നൃത്തത്തിൽ അവസാനിക്കുന്ന തെയ്യം നാടോടി നാടകങ്ങളുടെ ആരംഭത്തെ കുറിക്കുന്നുവെന്ന് രാഘവൻ പയ്യനാട് അഭിപ്രായപ്പെടുന്നു (2006 : 243). കാവാലം നാരായണപ്പണിക്കരുടെ അഭിപ്രായത്തിൽ മനുഷ്യനിർമിതമായ തെയ്യം അധർമത്തോടും ദുഷ്ടതയോടുമുള്ള കഠിനമായ പ്രതിഷേധം പ്രകടിപ്പിക്കുകവഴി സാമൂഹ്യനന്മയ്ക്കായി അനുഷ്ഠിക്കുന്ന കർമമെന്ന നിലയിൽ ഇത് മനുഷ്യനോട് അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു (2005 : 30).

## 1.7 നാടോടിനാടകങ്ങൾ

മനുഷ്യരാശിയുടെ പിറവിയോടൊപ്പംതന്നെ ഏറ്റവും പ്രാചീന കലയായ നാടകവും രൂപമെടുത്തിരിക്കണം. നേരെ നയിക്കുന്നതും നാട്യ പ്രധാനവുമായ മനുഷ്യജീവിതവുമായി ഈകല ഇഴുകിച്ചേർന്നിരിക്കുന്നു. നിത്യജീവിതവുമായി ബന്ധപ്പെട്ട മൃഗയാനുകരണങ്ങളിൽനിന്നുമാവണം ഈ പ്രകടനകലയുടെ ആരംഭം. ജീവിതം ഭദ്രമാകുന്നതിന്റെ ഭാഗമായി നടത്തിയ ചില നിഷ്ഠകളും ആചാരങ്ങളും പിന്നീട് അനുഷ്ഠാനമായി മാറി. ഈ അനുഷ്ഠാനങ്ങളിലാണ് നൃത്തത്തിന്റെയും നാടകത്തിന്റെയും ബീജാവാപം നടന്നിട്ടുള്ളത്. വേട്ടയാടി ഉപജീവനം നടത്തുന്ന ചില പ്രാകൃത വർഗക്കാരുടെ ഇടയിൽ പലതരത്തിലുള്ള അനുകരണങ്ങൾ കാണാം. അവയായിരിയ്ക്കാം നാടോടിനാടകങ്ങളുടെ ആദ്യകിരണങ്ങൾ. ഇത്തരത്തിലുള്ള അനുകരണങ്ങൾ കാലക്രമേണ ദൃശ്യ-ശ്രാവ്യ പ്രധാനങ്ങളായ ഘടകങ്ങൾ കൂടിച്ചേർന്ന് നാടകത്തിന്റെ രൂപത്തിലേയ്ക്ക് വളർന്നതാകാം. കേരളത്തിലും ഇത്തരത്തിൽ ജീവിതഗന്ധിയായ ചില അനുകരണങ്ങൾ പരിണാമത്തിനു വിധേയമായിട്ടുണ്ട്. ഗോപൂജയിൽനിന്നും ഉരുത്തിരിഞ്ഞ

കോതാമ്മൂരിയാട്ടം പോലുള്ള ഉർവരതാനുഷ്ഠാനങ്ങൾ മാറ്റത്തിനു വിധേയമായി നാടോടിനാടകത്തിന്റെ തലങ്ങളിലേക്ക് വികസിച്ചതിന്റെ തെളിവാണ് വടക്കേമലബാറിൽ നിലനിൽക്കുന്ന കോതാമ്മൂരിയാട്ടം എന്ന ഉർവരനാടകം.

നാടോടിനാടകങ്ങളിൽ സ്വതന്ത്രമായി നിലനിൽപുള്ളവ വളരെ വിരളമാണ്. മലയാളത്തിന്റെ സാംസ്കാരികത്തനിമ വിളിച്ചറിയിക്കുന്ന നാടോടിനാടകങ്ങൾ സമൂഹത്തിൽ നിലനിൽക്കുന്ന വ്യവസ്ഥിതികളുടെയും തലമുറയായി പകർന്നുകിട്ടിയ ചിന്തകളുടെയും വിചാരവികാരങ്ങളുടെയും നേരെപിടിച്ച കണ്ണാടിയാണ്. ജനസമൂഹങ്ങളുടെ സാമൂഹികവും സാംസ് കാരികവും സാമ്പത്തികവുമായ നിലനിൽപിനാവശ്യമായ ഘടകം എന്ന നിലയ്ക്കാണ് നാടകം രൂപപ്പെട്ടത്. മനുഷ്യസമൂഹത്തിന്റെ ഏറ്റവും പ്രാചീനമായ കല നാടകമാണെന്ന് എണെസ്റ്റ് ഫിഷർ അഭിപ്രായപ്പെടുന്നു (നമ്പ്യാർ, എ.കെ., 1989 : 17). മൃഗയാനുകരണങ്ങളും വർഷനൃത്തങ്ങളും നിയതമായ അനുഷ്ഠാനമായി ആവർത്തിക്കപ്പെടുകയും കലാപരമായ രൂപമാറ്റങ്ങൾക്ക് വിധേയമാവുകയും ചെയ്തപ്പോൾ നാടകത്തിന്റെ രൂപത്തിലേയ്ക്ക് വളർന്നു. കൃത്യമായ ചലനങ്ങൾ, ശബ്ദങ്ങൾ, അംഗവി ക്ഷേപങ്ങൾ, സ്വാഭാവികമായ പ്രകടനങ്ങൾ എന്നിവ അനുഷ്ഠാന ങ്ങളിൽനിന്നും സ്വാംശീകരിച്ച് പ്രതീകങ്ങളിലൂടെയും സംരൂപങ്ങളിലൂടെയും ഉന്നതമായ തലങ്ങളിലേക്ക് വികസിപ്പിച്ചെടുത്താണ് നാടകം രൂപപ്പെടുത്തി യതെന്ന് മുൽക്ക്‌രാജ് ആനന്ദിന്റെ അഭിപ്രായം എ.കെ. നമ്പ്യാർ ഉദ്ധരി ച്ചിരിക്കുന്നു (1989 : 62). പാഠസ്ഥിതമായ ആശയങ്ങളെ നടൻ അഭിമുഖീ കരിക്കുന്നത് ശാരീരികമായ ചലനത്തിലൂടെയാണെന്ന് ഭരതമുനി നാട്യശാ

സ്ത്രത്തിൽ വ്യക്തമാക്കിയിരിക്കുന്നു (നാരായണപിഷാരടി., 1987 : 810). ഈ രണ്ട് അഭിപ്രായങ്ങളും ആശയത്തെ പരസ്പരം ബലപ്പെടുത്തുന്നുണ്ട്.

മതപരമായ ആരാധനയിൽനിന്നാണ് നാടകം പിറവിയെടുത്ത തെന്ന് ഒരു വിശ്വാസമുണ്ട്. എന്നാൽ നാടകത്തിനും നാടകവേദിക്കും മതത്തെക്കാൾ പൗരാണികത അവകാശപ്പെടാൻ കഴിയുമെന്നതിന്റെ തെളിവാണ് മന്ത്രവാദങ്ങൾപോലുള്ള അനുഷ്ഠാനങ്ങൾ. കേവല വിനോദ ങ്ങളിലല്ല മറിച്ച് അനുഷ്ഠാനങ്ങളിലാണ് നാടകത്തിന്റെ വേരുകൾ സ്ഥിതി ചെയ്യുന്നത്. കൊയ്ത്തുനൃത്തംപോലുള്ള പ്രാചീന അനുഷ്ഠാനങ്ങളിൽ നാടകത്തിന്റെ പ്രാഗ്‌രൂപം ദർശിക്കാൻകഴിയും. സാധാരണയായി ഏതെങ്കിലും ആഘോഷത്തിന്റെ ഭാഗം എന്ന നിലയ്ക്കോ അനുഷ്ഠാനത്തിന്റെ ഭാഗ മായിട്ടോ ആണ് ഇവയുടെ നിലനിൽപ്. ഇന്നത്തെ സമൂഹത്തിൽ നൃത്തവും നാടകവും നൃത്തനാടകവും ഉണ്ട്. ഇതുമൂന്നും വ്യത്യസ്തമാണെങ്കിലും ജനസാമാന്യത്തിന് ഇത് തിരിച്ചറിയാൻ പ്രയാസമാണ്. ഉദാഹരണമായി അനുഷ്ഠാനനൃത്തമായ തെയ്യം ചിലപ്പോഴൊക്കെ നൃത്തത്തിന്റെ തലംവിട്ട് നാടകത്തിന്റെ അഭിനയസാധ്യതകളിലൂടെയും വീണ്ടും പുരാവൃത്ത ത്തിലൂടെയും കടന്ന് നൃത്തത്തിലേയ്ക്ക് തിരിച്ചുവരികയും ചെയ്യുന്നു (പയ്യനാട്, രാഘവൻ., 2006 : 348). ഇത്തരത്തിലുള്ള സങ്കീർണതകൾ കാരണമാകാം നാടോടിനാടകങ്ങൾ അത്രയേറെ ശ്രദ്ധിക്കപ്പെടാതെപോയത്. എസ്.കെ. നായരുടെ 'കേരളത്തിലെ നാടോടിനാടകങ്ങൾ' എന്ന കൃതിയെ വിസ്മരിച്ചുകൊണ്ടല്ല ഇത് പറയുന്നത്. നാടോടിനാടകങ്ങൾക്കുള്ള പരാധീന സ്വഭാവവും വേർതിരിച്ചറിയാൻ കഴിയാത്ത രീതിയിൽ നൃത്തത്തോടും അനുഷ്ഠാനത്തോടുമുള്ള ബന്ധവും ആദ്യകാലത്ത് നാടകപഠനം ദുഷ്കര മാക്കി.

അനുഷ്ഠാനനാടകത്തിന്റെ അടിസ്ഥാനസ്വഭാവം അഭിനയവും ദൃശ്യപരതയുമാണെങ്കിൽക്കൂടി സംഭാഷണത്തിനുള്ള പ്രാധാന്യമാണ് നൃത്തത്തിൽനിന്നും മറ്റ് അനുഷ്ഠാനങ്ങളിൽനിന്നും ഇതിനെ വേർതിരിച്ചു നിർത്തുന്നത്. അഭിനയത്തിലൂടെയും അംഗചലനത്തിലൂടെയും സംഭാഷണ ത്തിലൂടെയും കഥാഗതി വളർത്തിക്കൊണ്ടുവരുന്ന രീതിയാണ് നാടോടി നാടകത്തിൽ. സമൂഹത്തിലെ സാധാരണക്കാരുമായിട്ടാണ് നാടോടി നാടകങ്ങൾക്ക് കൂടുതൽ ബന്ധം. കാരണം അവ വർത്തമാനസമൂഹത്തിന്റെ ഭാഗമായതിനാൽ വർത്തമാനകാലവുമായി സംവദിക്കുന്നു. അതുകൊണ്ട് തന്നെ സമൂഹം ഒന്നടങ്കം ഇതിന്റെ കാണികളാകുന്നു.

'പൂർവവൃത്തം കഥായുക്തം' എന്നാണല്ലോ ഇതിഹാസം (പയ്യനാട്, രാഘവൻ., 2006 : 356). ഐതിഹാസികകഥകൾ കെട്ടുകഥകൾ അല്ല. അത് ഒരുജനതയുടെ ഭൂതകാലയാഥാർഥ്യമാണ്. അത്തരം സംഭവങ്ങളുടെ ഗൗരവപൂർണമായ ആവിഷ്കാരമാണ് കഥകളിപോലുള്ള ക്ലാസിക്കലകൾ. എന്നാൽ നാടൻകലകൾ ഇതിൽനിന്നും വ്യത്യസ്തമാണ്. അമ്പതുകൊല്ലം മുൻപുണ്ടായിരുന്ന 'പൊറാട്ട്' നാടകത്തിൽനിന്നും വ്യത്യസ്തമാണ് ഇന്നത്തെ പൊറാട്ട്നാടകം. സംവിധായകന്റെയോ ഗുരു വിന്റെയോ ശിക്ഷണമില്ലാതെ കാണികളുടെ മനസ്സിലെ 'താര'മായി മാറുന്നു നാടോടിനാടകത്തിലെ അഭിനേതാവ്. ഏതൊരു വേദിയെയും വേറിട്ടു നിർത്തുന്ന അരങ്ങ്, കാണികൾ, കഥാപാത്രങ്ങൾ എന്നിവ തമ്മിലുള്ള പരസ്പരപ്രവർത്തനം, കാണികളും കഥാപാത്രങ്ങളും തമ്മിലുള്ള മാനസികബന്ധം, എന്നിവ നാടോടിനാടകങ്ങളെ സമ്പുഷ്ടമാക്കുന്നു. കഥാപാത്രങ്ങളുടെ പരസ്പരസഹകരണംമൂലം അഭിനേതാക്കൾ അരങ്ങിനുപുറത്ത് മറ്റൊരുതലത്തിൽ സ്ഥിതിചെയ്യുന്നവരും, മാനസികമായി

ഭിന്നവ്യാപാരമുള്ളവരുമായ കാണികളിൽ ആസ്വാദനബോധം തൊട്ടുണർത്തുന്നതിനും, അതോടൊപ്പം ആശയസംവേദനം നടത്തുന്നതിനും സഹായിക്കുന്നു. കഥാപാത്രങ്ങളിലൂടെ നടക്കുന്ന ഇതിവൃത്ത കൈമാറ്റം വഴിയാണ് ഇത് സുസാധ്യമാകുന്നത്. സദാ ചലിച്ചുകൊണ്ടിരിക്കുന്ന അരങ്ങാണ് നാടോടിനാടകത്തിന്റെ പ്രത്യേകത. എന്നാൽ കഥകളിപോലുള്ള ക്ലാസിക് കലകൾ ചിട്ടപ്രധാനമായതുകൊണ്ടുതന്നെ ഈ അളവിൽ മാറ്റത്തിന് വിധേയമാകുന്നില്ല.

നാടോടിനാടകങ്ങളെ അനുഷ്ഠാനപരം, അനുഷ്ഠാനേതരം എന്ന് രണ്ടായി തിരിക്കാം. അനുഷ്ഠാനപ്രധാനമല്ലാത്തതും വിനോദപ്രദവുമായ നാടകങ്ങളാണ് അനുഷ്ഠാനേതരനാടകങ്ങൾ. ഇവ കൂടുതലും സാമൂഹ്യ പരിഷ്കരണത്തിനുതകുന്നരീതിയിൽ വിമർശനാത്മകമോ ഹാസ്യ പ്രധാനമോ ആയിരിക്കും. പൊറാട്ടുനാടകം പോലുള്ളവ ഇതിന് ഉദാഹരണങ്ങളാണ്. തെക്കനുംതെക്കത്തിയും, കാക്കാരിശ്ശിനാടകം, കുറത്തിയാട്ടം, പൂരക്കളി, മലമക്കളി, മണ്ണാൻകൂത്ത് തുടങ്ങിയവ അനുഷ്ഠാനേതരനാടകങ്ങളിൽപ്പെടുന്നു. ഏതെങ്കിലും പ്രത്യേക ജനവിഭാഗത്തിന്റെ ആഘോഷവുമായി ബന്ധപ്പെട്ടുനടത്തുന്ന ഇത്തരം നാടകങ്ങളിൽ അനുഷ്ഠാനാംശം കുറവായിരിക്കും. ഒരു നാടകംതന്നെ ചെറിയചെറിയ വ്യത്യാസങ്ങളിൽ പലനാടുകളിൽ പലപേരുകളിൽ അറിയപ്പെടുന്നു. കാളിത്തീയാട്ട്, അയ്യപ്പൻതീയാട്ട് എന്നിങ്ങനെ ഇതിവൃത്തത്തിന്റെ വ്യത്യാസമനുസരിച്ച് രണ്ടുരീതിയിൽ തീയാട്ട് അറിയപ്പെടുന്നു.

സമകാലികജീവിതത്തിന്റെ വ്യാഖ്യാനമാണ് നാടോടിനാടകങ്ങൾ. ഒരേസമയം ഒന്നിൽകൂടുതൽ കഥാപാത്രങ്ങൾ രംഗത്തുവരുന്നതും, സംഭാഷണപ്രധാനവും നാട്യപ്രധാനവുമായ നാടകം എന്ന കലാരൂപത്തിന്റെ ഘടന

തന്നെയാണ് നാടോടിനാടകങ്ങൾക്കും ഉള്ളത്. അനുക്രമമായി വികസിക്കുന്ന ഇതിവൃത്തമുള്ളതും ഒന്നിൽകൂടുതൽ കഥാപാത്രങ്ങൾ രംഗത്തുവരുന്നതും അനുഷ്ഠാനാംശം കുറവുള്ളതുമായ ഈ കലാരൂപം നമ്മുടെ സാംസ്കാരി കത്തനിമ വിളിച്ചറിയിക്കുന്നു. ജനസാമാന്യം ജനസാമാന്യത്തിനുവേണ്ടി ജനസാമാന്യത്തിന്റേതായ രീതിയിൽ അവതരിപ്പിക്കുന്നതാണ് നാടോടി നാടകം (പയ്യനാട്, രാഘവൻ., 2006 : 350). ഇവയിൽ അനുഷ്ഠാനപ്രധാനമായ നാടോടിനാടകങ്ങളെക്കുറിച്ച് രണ്ടാമത്തെ അധ്യായത്തിൽ വിശദീകരിക്കു ന്നുണ്ട്. എന്നാൽ അനുഷ്ഠാനപ്രധാനമല്ലാത്ത നാടകങ്ങൾ പ്രബന്ധ പരിധിയിൽ വരാത്തതിനാൽ ഇത്തരത്തിലുള്ള നാടോടിനാടകങ്ങളെക്കുറിച്ച് കൂടുതൽ പ്രതിപാദിക്കുന്നില്ല. എന്നിരുന്നാലും നാടോടിനാടകങ്ങളുടെ പൊതുസ്വഭാവം വിശദമാക്കുന്നതിനായി കേരളത്തിന്റെ വ്യത്യസ്ത സാഹചര്യങ്ങളിൽ വടക്കൻകേരളത്തിലും തെക്കൻ കേരളത്തിലും അവതരി പ്പിക്കുന്ന രണ്ട് നാടോടിനാടകങ്ങളായ പൊറാട്ടുനാടകത്തെക്കുറിച്ചും കാക്കാരിശ്ശിനാടകത്തെക്കുറിച്ചും വിശദീകരിക്കുന്നു.

### 1.7.1 പൊറാട്ടുനാടകം

തെക്കത്തിനാടകം, പാൺകളി, ദേശക്കളി തുടങ്ങി പല പേരുകളിൽ പൊറാട്ടുനാടകം അറിയപ്പെടുന്നു (നായർ, എസ്. കെ., 1962 : 148). തൃശൂർ ജില്ലയിൽ തലപ്പിള്ളി താലൂക്കിലും, പാലക്കാട്ജില്ലയിൽ ചിറ്റൂർ, പാലക്കാട്, ആലത്തൂർ എന്നീ താലൂക്കുകളിലും ആണ് ഇത് കൂടുതൽ പ്രചാരത്തിലു ള്ളത്. പാണസമുദായത്തിൽപ്പെട്ടവരാണ് പൊറാട്ടുനാടകം അവതരിപ്പിക്കുക. പ്രായമായ പുരുഷന്മാരും, അതോടൊപ്പം ചെറുപ്പക്കാരായ പുരുഷന്മാരുമാണ് വേഷങ്ങൾ കെട്ടുക. മണ്ണാത്തി, ദാസി, കുറവൻ, കുറത്തി, ചെറുമൻ, ചെറുമി,

തള്ളമണ്ണാത്തി, ചിക്കിലിയൻ, ചിക്കിലിച്ചി, ചോദ്യക്കാരൻ തുടങ്ങിയ കഥാപാത്രങ്ങളാണ് ഇതിലുള്ളത്. പ്രത്യേകിച്ച് വേഷവിധാനങ്ങൾ ഒന്നും ഇല്ല. ഇതിവൃത്തത്തിനനുസരിച്ച് ഓരോ സമുദായത്തിന്റെയും പരമ്പരാ ഗതമായ വേഷം ആണ് ധരിക്കുന്നത്. അതാത് സമുദായത്തിന്റെ ജീവിതരീതി ഫലിതംകലർന്ന സംഭാഷണങ്ങളിലൂടെയും പ്രകടനങ്ങളിലൂടെയും അവതരിപ്പിക്കുന്നത് ആസ്വാദകരെ രസിപ്പിക്കുന്നു. കൂടാതെ താളത്തിന നുസരിച്ചുള്ള ചടുലമായ നൃത്തവും രസകരമായ പാട്ടുകളും ഇതിന്റെ ആസ്വാദ്യത വർധിപ്പിക്കുന്നു.

ചെണ്ട, മദ്ദളം, ഇലത്താളം, ശ്രുതിപ്പെട്ടി എന്നിവയാണ് മുഖ്യ സംഗീതോപകരണങ്ങൾ. ഏതെങ്കിലും തുറന്നസ്ഥലത്ത് അരങ്ങേറുന്ന നാടകത്തിന് ഉയർത്തിക്കെട്ടിയ സ്റ്റേജ് നിർബന്ധമില്ല. പെട്രോമാക്സിന്റെ വെളിച്ചത്തിൽ അരങ്ങേറുന്ന ഈ കലാരൂപത്തിന് ഏകദേശം മൂന്നോ നാലോ നൂറ്റാണ്ടിന്റെ പഴക്കമേ അവകാശപ്പെടാനുള്ളൂ. ആദ്യകാലത്തെ രംഗാവതരണ രീതിയിൽനിന്നും വളരെയേറെ മാറ്റം ഇതിനുണ്ട്. ഓരോ കാലഘട്ടത്തിലും വന്ന കളിയാശാന്മാരുടെ പരിഷ്കരണത്തിന് വിധേയമായിട്ടുണ്ടെങ്കിലും പൊൽപ്പുള്ളിയാശാന്റെ കാലത്താണ് ഇന്നത്തെ രീതിയിലുള്ള രംഗാവതരണ ശൈലി ഉണ്ടായതെന്ന് ഈരംഗത്തെ പ്രഗത്ഭർ വിശ്വസിക്കുന്നു (ഭാർഗ വൻപിള്ള, ജി., 2000 : 222). സമർഥരായ കളിയാശാന്മാർ ഇന്നും പാലക്കാട് ജില്ലയിൽ ഉണ്ട്. ഇത്തരത്തിലുള്ള കളിയാശാന്മാരുടെ സജീവസാന്നിധ്യമാണ് പൊറാട്ടുനാടകത്തിന്റെ നിലനിൽപിനുകാരണം. കേരളത്തിൽഏറ്റവും കൂടുതൽ പാണന്മാരുള്ളത് പാലക്കാട്ജില്ലയിലാണ്. തമിഴ്നാട്ടിൽനിന്നും കടന്നുവന്ന ഇവരുടെ സമ്പത്ത് പരമ്പരാഗതമായി കിട്ടിയിട്ടുള്ള ഇത്തരം നാടോടിക്കലകളാണ്. നിത്യജീവിതത്തിലെ ദൈന്യം മുഴുവൻ നിറഞ്ഞു നിൽക്കുന്നതാണ് ഇവരുടെ കലകൾ.

രാത്രി എട്ടുമണിയോടെ കേളികൊട്ട് ആരംഭിക്കുന്നു. ചെണ്ടയും ഇലത്താളവുമാണ് ഇതിന് ഉപയോഗിക്കുന്നത്. ചതുരത്തിലുള്ള ഒരു പന്തലും അതിനോടുചേർന്ന് പുറകിലായി ഒരണിയറയും ഉണ്ടാകും. സ്റ്റേജിൽ എപ്പോഴും ചോദ്യക്കാരനും പാട്ടുകാരനുമുണ്ടാകും. ഓരോ പൊറാട്ട് പ്രവേശിക്കുമ്പോഴും ചോദ്യക്കാരൻ ചോദ്യംചോദിക്കുകയും ഉത്തരത്തിന്റെ രൂപത്തിൽ പൊറാട്ടിന് പറയാനുള്ളതെല്ലാം അവതരിപ്പിച്ച് ആസ്വാദകരിൽ എത്തിക്കുകയും ചെയ്യുന്നു. ഇങ്ങനെ എല്ലാ പൊറാട്ടുകളും രംഗത്തു വരുകയും അവരെയും അവരുടെ സാഹചര്യത്തെയും കാണികളിലെ ത്തിക്കുകയും ചെയ്യുന്നു. ഏതെങ്കിലും പൊറാട്ട് 'നിലതെറ്റി' അഭിനയി ക്കുകയോ സംസാരിക്കുകയോ ചെയ്താൽ കളിയാശാൻ രംഗത്ത് വന്ന് വാഴപ്പോളകൊണ്ടോ കട്ടിയുള്ള മുണ്ടുകൊണ്ടോ അടിച്ച് ശിക്ഷിക്കുന്നു. കാണികളിൽ വിരസത ഉണ്ടാകാത്ത രീതിയിലാണ് ഇതിന്റെ സംവിധാനം. നൃത്തവും അഭിനയവും പാട്ടും സംഭാഷണവും വാദ്യമേളങ്ങളുമെല്ലാം വളരെ ഔചിത്യത്തോടെ സന്നിവേശിപ്പിച്ചിരിക്കുന്നു. ഇതിലെ ഓരോ പൊറാട്ടും സ്വതന്ത്ര കഥാപാത്രങ്ങളാണ്. അതുകൊണ്ടുതന്നെ ഇവരുടെ രംഗപ്രവേശനം ഒരിക്കലേ ഉണ്ടാകുന്നുള്ളൂ. ചോദ്യക്കാരൻ മാത്രമാണ് ആദ്യന്തം അരങ്ങിലുള്ളത്.

പാലക്കാടിന്റെ മണ്ണിൽ പിറന്നതും അവിടുത്തെ പാണന്മാർ ആടിപ്പാടിക്കൊണ്ടുനടക്കുന്നതുമായ ഈ നാടോടിനാടകത്തിൽ പൊറാട്ടുകൾ തമിഴ്നാട്ടിൽനിന്നും വന്നവരാണെന്നുംമറ്റും തമിഴ്ചുവയുള്ള ഭാഷയിൽ അവതരിപ്പിക്കുന്നു. കേവലം ഒരു രംഗകലയ്ക്ക് വേണ്ടിയല്ല പൊറാട്ടുകൾ രംഗത്തെത്തുന്നത്. അടിസ്ഥാനവർഗമായ അവരുടെ പച്ചയായ ജീവിത

ത്തിന്റെ പുനരാവിഷ്കാരമാണ് അത്തരത്തിൽ നടക്കുന്നത്. ഇത്തരത്തിലുള്ള രംഗാവിഷ്കാരങ്ങൾ കൊണ്ട് മികച്ചുനിൽക്കുന്നതാണ് നാടോടിനാടകങ്ങൾ.

### 1.7.2 കാക്കാരിശ്ശിനാടകം

കാക്കാലനാടകം, കാക്കാരുകളി എന്നീ പേരുകളിലും കാക്കാരിശ്ശി നാടകം അറിയപ്പെടുന്നു. തിരുവനന്തപുരംജില്ലയിലെ നെടുമങ്ങാട്, കിളിമാനൂർ തുടങ്ങിയ പ്രദേശങ്ങളിലും മധ്യതിരുവിതാംകൂറിൽ കരുനാഗപ്പള്ളി, പന്തളം, ചേരാവള്ളി, അമ്പലപ്പുഴ, മങ്കൊമ്പ് തുടങ്ങിയ സ്ഥലങ്ങളിലും പ്രചാരത്തിലുള്ള ഒരു ഗ്രാമീണവിനോദകലയാണിത്. മധ്യ തിരുവിതാംകൂറിൽ പാണന്മാരും കമ്മാളന്മാരുമാണ് ഇതവതരിപ്പിക്കുന്നത്. എന്നാൽ തിരുവനന്തപുരം ജില്ലയിലാകട്ടെ കുറവരും ഈഴവരുമാണ് ഇതിന്റെ അവതരണക്കാർ. ഒരു സംഗീതനാടകത്തിന്റെ ചാരുതയാണ് ഇതിനുള്ളത്.

ശിവനും പാർവതിയും ഗംഗയും, കുറവനും കുറത്തിമാരും ആയി (കാക്കാനും കാക്കാത്തിമാരും) ഭൂമിയിലെ അഴിമതികൾ അവസാനിപ്പിക്കാൻ അവതരിച്ചു എന്നതാണ് ഈ നാടകത്തിന്റെ പിന്നിലുള്ള വിശ്വാസം. തിരുവനന്തപുരത്തും മധ്യതിരുവിതാംകൂറിലും അവതരണത്തിന് വ്യത്യാസമുണ്ട്. തെക്കൻരീതിയനുസരിച്ച്, നാരദൻ കൈലാസത്തിൽ ചെന്ന് ഭൂമിയിലെ അഴിമതികൾ അവസാനിപ്പിക്കാൻ ശിവനോടും പാർവതിയോടും അഭ്യർഥിക്കുന്നു. തുടർന്ന് കാക്കാത്തിമാർ അരങ്ങിൽ നൃത്തംചവുട്ടി കാക്കാനെ ആവാഹിക്കുന്നു. കാക്കാലൻ കത്തുന്ന പന്തവുമായി ചുവടുവെച്ച് സദസ്യരുടെ ഇടയിലൂടെ പ്രവേശിക്കുന്നു. തമ്പ്രാന്റെ ചോദ്യങ്ങൾക്ക് കാക്കാലൻ നൽകുന്ന മറുപടികളിലൂടെ നാടകം ആരംഭിക്കുന്നു. എന്നാൽ മധ്യതിരുവിതാംകൂറിൽ സുന്ദരകാക്കാലൻ എന്ന കഥാപാത്രം വേദിയിലെത്തി

നാട്ടുകാരുമായി സംസാരിച്ചശേഷം കാക്കാത്തിമാരെ വേദിയിലേയ്ക്ക് ക്ഷണിക്കുന്നതോടെയാണ് നാടകം ആരംഭിക്കുന്നത്. നാടകാവതരണത്തിന് പന്ത്രണ്ടോളംപേർ വേണം. പുലർച്ചെ മൂന്നുമണിമുതൽ അഞ്ചുമണി വരെയാണ് ഇതിന്റെ അവതരണസമയം. സാമൂഹ്യവിമർശനമാണ് മുഖ്യലക്ഷ്യം. തുള്ളലിൽ നമ്പ്യാർ നടത്തുന്ന സാമൂഹ്യവിമർശനം കാക്കാരിശ്ശിനാടകത്തിന്റെ സ്വാധീനമാകാം. നടന്റെ മനോധർമ്മനുസരിച്ച് സാമൂഹ്യവിമർശനം ഉൾക്കൊള്ളുന്ന ഉപകഥകൾ എത്രവേണമെങ്കിലും കൂട്ടിച്ചേർക്കാം. ഇതുകൊണ്ടാണ് കാക്കാരിശ്ശിനാടകത്തിന്റെ അവതരണ സമയം എത്രയെന്ന് കൃത്യമായി പറയാൻ കഴിയാത്തത്.

ഹാർമോണിയം, ഗഞ്ചിറ, ഇലത്താളം, മൃദംഗം തുടങ്ങിയ വാദ്യോപകരണങ്ങളാണ് ഉപയോഗിക്കുന്നത്. പൊതുവെ രംഗസജ്ജീകരണങ്ങൾ ഇല്ലെങ്കിലും ആൽത്തറകളിലോ ഉയർത്തിക്കെട്ടിയ അരങ്ങുകളിലോ ആണ് അവതരണം. വേടനും കുറവനും മുഖത്ത് കരിതേച്ചും കാക്കാത്തിമാർ നിറപ്പകിട്ടുള്ള വേഷവിധാനങ്ങൾ ധരിച്ചും കാക്കാൻ കറുത്ത തുണി ധരിച്ചും പ്രവേശിക്കുന്നു. പൊതുവെ പ്രാകൃതരീതിയിലാണ് ഇവരുടെ വേഷവിധാനം. പൊറാട്ടുനാടകവുമായി ഇതിന് ചില സാമ്യങ്ങൾ ദർശിക്കാൻകഴിയും. നമ്മുടെ പ്രാക്തനകാലഘട്ടത്തിന്റെ സംസ്കൃതി വിളിച്ചറിയിക്കുന്ന ഇത്തരം കലകൾ നമ്മുടെ പൈതൃകസമ്പത്താണ്. ഇവയെ സംരക്ഷിക്കേണ്ടതും നിലനിർത്തേണ്ടതും നമ്മുടെ ആവശ്യമാണ്.

അനുഷ്ഠാനാംശത്തിന് പ്രസക്തിയില്ലാത്ത അനുഷ്ഠാനേതര നാടകങ്ങൾ അനുഷ്ഠാനനാടകങ്ങളെ അപേക്ഷിച്ച് വളരെവേഗം പ്രചരിക്കാറുണ്ടെങ്കിലും അവ അതാത് ജനസംഘാതത്തിന്റെ അതിർത്തി ലംഘിക്കാറില്ല. പഴയകാലത്ത് ഉത്സവകാലമടുത്താൽ പൊറാട്ടുകളി,

കാക്കാരിശ്ശി തുടങ്ങിയ നാടോടിനാടകസംഘങ്ങളോ നാടോടികലാകാരന്മാരോ ദേശദേശാന്തരം സഞ്ചരിച്ച് അവരവരുടെ കലകൾ അവതരിപ്പിക്കുക പതിവായിരുന്നു. നാടോടികളായ (Gypsy) ഇവരുടെ സഞ്ചാരവേളയിൽ ഓരോ ദേശങ്ങളിൽനിന്നും കലാപരമായും സാംസ്കാരികമായും ഹൃദയത്തോട് ചേർത്തുവെയ്ക്കാൻ പറ്റുന്നവ സ്വീകരിച്ചതിന്റെ ഫലമാകണം ഇത്തരം കലകൾക്ക് വന്നമാറ്റം. ഇവിടെ സംഭവിച്ചത് കലാപരവും സാംസ്കാരികവുമായ കൊടുക്കൽ വാങ്ങലുകളാണ്. എന്നാൽ ഇത്തരത്തിലുള്ള സ്വാഭാവികമായ കൊടുക്കൽ വാങ്ങൽ ഇന്ന് നടക്കുന്നില്ല. ഇതിന് കലാകാരനോ ആസ്വാദകനോ തയ്യാറല്ല എന്നതാണ് യാഥാർത്ഥ്യം.

തികച്ചും ഗ്രാമീണമായ ഭാഷയിലും ഈണത്തിലുമാണ് നാടോടിനാടകങ്ങളുടെ അവതരണം. ഇതാണ് നാടോടിനാടകങ്ങളുടെ വശ്യതയും. ആദ്യകാലത്ത് താളനിബദ്ധമല്ലാത്ത വായ്ത്താരികളായിരുന്നു നാടോടിനാടകങ്ങളിലെങ്കിലും കാക്കാരിശ്ശിനാടകത്തിന്റെ കാലഘട്ടം ആയപ്പോഴേക്കും ഇതിനുമാറ്റംവന്നു. താളനിബദ്ധമായ വായ്ത്താരികളാണ് കാക്കാരിശ്ശിനാടകത്തിൽ. മനുഷ്യന്റെ സാംസ്കാരികവളർച്ചയും താളബോധവുമാണ് ഇത് വ്യക്തമാക്കുന്നത്. പക്ഷേ ഭാഷയ്ക്ക് വലിയ മാറ്റം പ്രകടമാകാത്തതിൽനിന്നും-തമിഴിന്റെ സ്വാധീനമുള്ള ഭാഷ-കാക്കാരിശ്ശിനാടകംരചിച്ച കളിയാശാന്റെ ദ്വിഭാഷാപ്രാവീണ്യവും രസികത്തവുമാണ് വ്യക്തമാക്കുന്നത്. പാങ്കളി, കുറത്തിയാട്ടം തുടങ്ങിയവയും അനുഷ്ഠാനേതരനാടകങ്ങളിൽപ്പെടുന്നു. ദ്രാവിഡസംസ്കാരത്തിന്റെ സന്തതികളായ ഇത്തരം നാടൻ കലാരൂപങ്ങളാണ് നമ്മുടെ നാടകപാരമ്പര്യത്തിന് ബീജാവാപം നൽകിയതെന്ന് സമ്മതിച്ചേതീരൂ. നാടോടിനാടകങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതും ആചാര്യന്മാർ കൂടുതൽ ചർച്ചചെയ്യുന്നതുമായ ഒന്നാണ് അനുഷ്ഠാന

നാടകങ്ങൾ. അനുഷ്ഠാനനാടകങ്ങളെക്കുറിച്ച് വിശദമായി രണ്ടാമത്തെ അധ്യായത്തിൽ ചർച്ചചെയ്യുന്നതിനാൽ ഇവിടെ അവയെ വിശദീകരിക്കുന്നില്ല.